# ആമുഖം

സ്വതന്ത്ര ഇന്ത്യയിൽ സമ്പത്തിക വികസനത്തിന്റെ ചട്ടക്കൂട് പഞ്ചവത്സ രപദ്ധതികളായിരുന്നു. ആധുനിക ഇന്ത്യയെ രൂപപ്പെടുത്തുന്നതിൽ സ്തുത്യർഹമായ പങ്കാണ് പഞ്ചവത്സരപദ്ധതികൾ നിർവ്വഹിച്ചത്. ഇന്ത്യയുടെ അഭിമാനസ്തംഭങ്ങളായിരുന്ന വൻകിട പദ്ധതികളെല്ലാം ഉയർന്നു വന്നത് വിവിധ പഞ്ചവത്സരപദ്ധതി കാലഘട്ടത്തിലാണ്. ഇന്നാകട്ടെ ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികളോ അതിനു നേതൃത്വം നൽകിയ ആസൂത്രണ കമ്മീ ഷനോ ഇല്ല. ഒപ്പം ഫെഡറൽ ബന്ധങ്ങളിൽ ഒട്ടേറെ പ്രതികൂലമാറ്റങ്ങൾ വരുന്നത് ഭരണഘടനാ മൂല്യങ്ങളെ ദുർബലപ്പെടുത്തുന്നുമുണ്ട്. വൈവിധ്യ മായ സാമൂഹ്യഘടന നിലനിൽക്കുന്ന ഇന്ത്യയിൽ വികേന്ദ്രീകരണമില്ലാതെ കാര്യക്ഷമമായ ഭരണവും വികസനവും അസാധ്യമാണെന്ന ബോധം പൊതുവെ ഉരുത്തിരിഞ്ഞു. 73, 74 ഭരണഘടനാ ഭേദഗതി നിയമങ്ങളിലൂടെ പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പിൻബലം ലഭിച്ചു. അതോ ടൊപ്പം തന്നെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും വേണ്ടി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കാനുള്ള അവകാശവും ചുമതലയും ലഭിച്ചു.

1996 ൽ അധികാരത്തിൽ വന്ന കേരള സർക്കാർ അധികാരവികേന്ദ്രീകര ണത്തോടൊപ്പം ആസൂത്രണാധികാരവും വിഭവങ്ങളും വികേന്ദ്രീകരിച്ചു. ജന കായാസൂത്രണം പങ്കാളിത്ത ആസൂത്രണത്തിന് പുതിയൊരു മാനം നൽകി. എല്ലാ വിഭാഗം ജനങ്ങളെയും ആസൂത്രണ വികസന പ്രവർത്തനങ്ങളിൽ ഉൾക്കൊളളിക്കാൻ ജനകീയാസൂത്രണ പ്രക്രീയയിലൂടെ സാധിച്ചു. ഇതോടെ പൊതു സമൂഹത്തിലേക്ക് അധികാര വികേന്ദ്രീകരണത്തിന്റെ ആശയങ്ങളും അന്തഃസത്തയും എത്തി.

കാര്യക്ഷമവും ശാത്രീയവുമായ ഒരു പ്രക്രിയയിലൂടെയാണ് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ രൂപപ്പെടുന്നത്. ആസൂ ത്രണ സമിതികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ രൂപീകരണം, അവ സ്ഥാരേഖ തയ്യാറാക്കൽ, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള ചർച്ച, ഗ്രാമ സഭായോഗങ്ങൾ, വികസനരേഖയും പദ്ധതിരേഖയും അന്തിമമാക്കൽ, പ്രൊജ

ക്ടുകൾ തയ്യാറാക്കൽ, അംഗീകാരം വാങ്ങൽ എന്നീ വഴികളിലൂടെയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതികൾ രൂപം കൊള്ളുന്നത്.

ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ പിൻബലത്തോടെ കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ സാമനതകളില്ലാത്ത വികസന പ്രവർത്തനങ്ങൾ വില്ല്യാപ്പള്ളി പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കൃഷി, തൊഴിൽ, പാർപ്പിടം, ആരോഗ്യം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, വനിതാക്ഷേമം, പശ്ചാത്തം സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ വലിയ മുന്നേറ്റമാണ് കഴിഞ്ഞ 25 വർഷംകൊണ്ട് നാം നേടിയതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും.

14-ാം പഞ്ചവത്സരപദ്ധതി ആരംഭിച്ചിരിക്കുകയാണ്. രണ്ട് വർഷങ്ങളിലെ പ്രളയത്തിന്റെയും ഓഖി ചുഴലിക്കാറ്റിന്റെയും രണ്ടാം ഘട്ടങ്ങളിലായുള്ള കോവിഡിന്റെയും തുടർച്ചയായുള്ള കാലാവസ്ഥാ മാറ്റത്തിന്റെ പ്രത്യാഘാതങ്ങൾക്കൊപ്പവുമാണ് 14-ാം പദ്ധതിപ്രവർത്തനങ്ങൾ നടക്കുന്നത്. തികച്ചും ഒരു പുതിയ കേരളമാണ് 14-ാം പദ്ധതി ലക്ഷ്യമിടുന്നത്. ഗുണമേന്മയുള്ള ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രാദേശിക വികസനത്തിനധിഷ്ഠിതമായ ദാരിദ്ര്യ നിർമ്മാർജന പരിപാടികൾ 14-ാം പദ്ധതി ലക്ഷ്യമിടുകയാണ്. നവകേരളത്തിനായുള്ള പുതുവഴിതെളിയിക്കാനായി വിജ്ഞാനവും പാരിസ്ഥിതികാവബോധവും ഉൾച്ചേർന്നതും ഒപ്പം തന്നെ വിഭാവാസൂത്രണവും ഉല്പന്ന വിനിയോഗവും സേവനലഭ്യതയും കാര്യക്ഷമമാക്കുന്ന വികസന സമീപനത്തിനാണ് നാം ഊന്നൽ നൽകുന്നത്. ഈ കേരളീയ പശ്ചാത്തലത്തിൽ നിലയുറപ്പിച്ച് കൊണ്ട് വില്ല്യാപ്പള്ളിയുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് നാം തുടക്കം കുറിക്കുകയാണ്.

മാന്യരേ,




നവകേരളത്തിന് ജനകീയാസൂത്രണം എന്ന ആശയം മുന്നോട്ട് വെച്ച് കൊണ്ടാണ് പതിനാലാം പഞ്ചവത്സരപദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയാറ് വർഷം പൂർത്തിയാകുന്ന ഘട്ടം കൂടിയാണിതെന്ന സവിശേഷതയുമുണ്ട്. ആസൂത്രണസമിതി പുനഃസംഘടന മുതൽ നടക്കുന്ന ജനകീയ ഇടപെടലുകളിലൂടെയാണ് പദ്ധതി രൂപീകരണ പ്രവർത്തനങ്ങളോരോന്നും മുന്നോട്ട് പോകുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ആസൂത്രണസമിതി യോഗങ്ങൾ, ഗ്രാമസഭകൾ, സ്പെഷ്യൽ ഗ്രാമസഭകൾ കർമ്മസമിതി യോഗങ്ങൾ ശില്പ്പശാലകൾ സ്റ്റെയ്ക്ക് ഹോൾഡർമാരുടെ യോഗങ്ങൾ എന്നിവയെല്ലാം വലിയ ജനപങ്കാളിത്തത്തോടെ നടന്നിട്ടുണ്ട്. ഈ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞുവന്ന വികസന നിർദ്ദേശങ്ങൾ ചർച്ച ചെയ്യാനുള്ള വികസന സെമിനാറിലേക്ക് നമ്മൾ കടന്നിരിക്കയാണ്.

വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശസ്വയംഭരണസ്ഥാപനത്തെ ഒരു യൂനിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന തന്ത്രവും നയവുമാണ് നാം സ്വീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ പൊതു വികസന കാഴ്ചപ്പാട് ദീർഘ വീക്ഷണത്തോടെയുള്ളതും മുൻഗണനകൾ യുക്തിസഹവും വികസന മേഖലകൾക്ക് നിർദ്ദേശിച്ചിട്ടുള്ള സമീപനം അനുയോജ്യവുമാണെന്ന് നാം ഉറപ്പുവരുത്തുന്നുണ്ട്. ഇതിനനുസൃതമായ വിലയിരുത്തലുകൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹാഭിവാദ്യങ്ങളോടെ,

**കെ.കെ.ബിജുള**
**പ്രസിഡണ്ട്,**
**വില്ല്യാപ്പള്ളി ഗ്രാമപ്പഞ്ചായത്ത്**

# വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്



## അധ്യായം -1

# പൊതു വിവരങ്ങൾ

| | | |
|---|---|---|
| പേര് | - | വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | വില്ല്യാപ്പള്ളി വില്ലേജ് (വില്ല്യാപ്പള്ളി മയ്യന്നൂർ, കുട്ടോത്ത്, തിരുമന, കീഴൽ, മേമുണ്ട, ദേശങ്ങൾ) |
| ആകെ വാർഡുകൾ | - | 19 |
| ബ്ലോക്ക് | - | തോടന്നൂർ |
| അസംബ്ലി മണ്ഢലം | - | കുറ്റ്യാടി |
| പാർലിമെന്റ് മണ്ഢലം | - | വടകര |
| ജില്ലാ പഞ്ചായത്ത് | - | കോഴിക്കോട് (മണിയൂർ ഡിവിഷൻ) |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | വില്ല്യാപ്പള്ളി, മയ്യന്നൂർ, കുട്ടോത്ത് തോടന്നൂർ |
| വിസ്തീർണ്ണം | - | 17.35 ച.കി.മീറ്റർ |
| അതിരുകൾ | | |
| വടക്ക് | - | ആയഞ്ചേരി, ഏറാമല, ചോറോട് പഞ്ചായത്തുകൾ |
| തെക്ക് | - | തിരുവള്ളൂർ, മണിയൂർ പഞ്ചായത്തുകൾ വടകര മുൻസിപ്പാലിറ്റി |
| കിഴക്ക് | - | തിരുവള്ളൂർ,ആയഞ്ചേരി പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | - | വടകര മുൻസിപ്പാലിറ്റി |
| നീർത്തടങ്ങൾ | - | 1. അക്ലോത്ത്നട (9,10,15,16,17,18,19,1,2) വാർഡുകൾ ഭാഗികം.<br>2. മയ്യന്നൂർ:- (2,3,4,വാർഡുകൾ ഭാഗികം) |
| ഇറിഗേഷൻ കനാലുകൾ | - | 1. മണിയൂർ ബ്രാഞ്ച്<br>2. അഴിയൂർ ബ്രാഞ്ച്<br>3. വില്ല്യാപ്പള്ളി ഡിസ്ട്രിബ്യൂട്ടറി<br>4. നടക്കുതാഴ ഡിസ്ട്രിബ്യൂട്ടറി<br>5. പുതുപ്പണം ഡിസ്ട്രിബ്യൂട്ടറി<br>6. മയ്യന്നൂർ ഡിസ്ട്രിബ്യൂട്ടറി<br>7. നടക്കുതാഴ സബ്ബ് ഡിസ്ട്രിബ്യൂട്ടറി |

## പ്രസിഡണ്ട്



**കെ.കെ.ബിജുള**

വൈസ് പ്രസിഡണ്ട്



**മുരളീധരൻ പി.കെ.**

ചെയർപേഴ്സൺ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**സിമി കെ.കെ.**

ചെയർപേഴ്സൺ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**രജിത കോളിയോട്ട്**

ചെയർപേഴ്സൺ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



**സുബിഷ കെ.**



**സുനിത താളിക്കണ്ടിയിൽ**
**മെമ്പർ,വാർഡ് 1**



**നസീമ തട്ടാംകുനിയിൽ**
**മെമ്പർ,വാർഡ് 2**



**വി.മുരളിമാസ്റ്റർ**
**മെമ്പർ,വാർഡ് 3**



**ഷറഫുദ്ദീൻ കൈതയിൽ**
**മെമ്പർ,വാർഡ് 4**



**എം.പി.വിദ്യാധരൻ**
**മെമ്പർ,വാർഡ് 5**



**മോഹനൻ ചീളുപറമ്പത്ത്**
**മെമ്പർ,വാർഡ് 6**



**രാഗിണി തച്ചോളി**
**മെമ്പർ,വാർഡ് 7**



**ഇബ്രായി പുത്തലത്ത്**
**മെമ്പർ,വാർഡ് 8**



**പി.പ്രശാന്ത് കുമാർ**
**മെമ്പർ,വാർഡ് 11**



**എം.കെ.സനിയ**
**മെമ്പർ,വാർഡ് 12**



**സഫിയ മലയിൽ**
**മെമ്പർ,വാർഡ് 14**



**കെ.ഗോപാലൻമാസ്റ്റർ**
**മെമ്പർ,വാർഡ് 15**

**എൻ.ബി. പ്രകാശ് കുമാർ**
**മെമ്പർ,വാർഡ് 16**





**ഹാജറ മൂന്നുമുറി**
**പീടികയിൽ**
**മെമ്പർ,വാർഡ് 18**

# വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്
## ജനപ്രതിനിധികൾ

| പേര് | സ്ഥാനം | പ്രതിനിധാനം ചെയ്യുന്ന വാർഡ് | വാർഡിന്റെ പേര് |
|---|---|---|---|
| കെ.കെ.ബിജുള | പ്രസിഡണ്ട് | 13 | കുട്ടോത്ത് സൗത്ത് |
| മുരളീധരൻ പി.കെ. | വൈസ് പ്രസിഡണ്ട് | 17 | അരകുളങ്ങര |
| സിമി കെ.കെ. | ചെയർപേഴ്സൺ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 9 | മേമുണ്ട നോർത്ത് |
| രജിത കോളിയോട്ട് | ചെയർപേഴ്സൺ ക്ഷേമ കാര്യസ്റ്റാന്റിംഗ് കമ്മിറ്റി | 10 | മേമുണ്ട സൗത്ത് |
| സുബിഷ കെ. | ചെയർപേഴ്സൺ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 19 | കൂട്ടങ്ങാരം |
| സുനിത താളിക്കണ്ടിയിൽ | മെമ്പർ | 1 | വൈക്കിലിശ്ശേരി |
| നസീമ തട്ടാംകുനിയിൽ | മെമ്പർ | 2 | മയ്യന്നൂർ നോർത്ത് |
| വി.മുരളിമാസ്റ്റർ | മെമ്പർ | 3 | വില്ല്യാപ്പള്ളി ടൗൺ |
| ഷറഫുദ്ധീൻ കൈതയിൽ | മെമ്പർ | 4 | തിരുമന |
| എം.പി.വിദ്യാധരൻ | മെമ്പർ | 5 | ചേരിപ്പൊയിൽ |
| മോഹനൻ ചീളുപറമ്പത്ത് | മെമ്പർ | 6 | മൈക്കുളങ്ങര |
| രാഗിണി തച്ചോളി | മെമ്പർ | 7 | വില്ല്യാപ്പള്ളി |
| പുത്തലത്ത് ഇബ്രായി | മെമ്പർ | 8 | മനത്താമ്പ്ര |
| പി.പ്രശാന്ത് കുമാർ | മെമ്പർ | 11 | കീഴൽ നോർത്ത് |
| എം.കെ.സനിയ | മെമ്പർ | 12 | കീഴൽ സൗത്ത് |
| സഫിയ മലയിൽ | മെമ്പർ | 14 | കുട്ടോത്ത് നോർത്ത് |
| കെ.ഗോപാലൻമാസ്റ്റർ | മെമ്പർ | 15 | പയംകുറ്റിമല |
| എൻ.ബി.പ്രകാശ്കുമാർ | മെമ്പർ | 16 | ചല്ലിവയൽ |
| ഹാജറ മൂന്ന് മുറിപീടികയിൽ | മെമ്പർ | 18 | മയ്യന്നൂർ സൗത്ത് |

# പൊതുസ്ഥാപനങ്ങൾ

## ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങൾ

ഗ്രാമപഞ്ചായത്ത് ഓഫീസ്
കുടുംബാരോഗ്യകേന്ദ്രം-വില്ല്യാപ്പള്ളി
FHC സബ്ബ് സെന്ററുകൾ- കൊളത്തൂർ, മയ്യന്നൂർ, മേമുണ്ട, കീഴൽ
കൃഷിഭവൻ- അമരാവതി -വില്ല്യാപ്പള്ളി
മൃഗാശുപത്രി- വില്ല്യാപ്പള്ളി
ആയൂർവ്വേദ ഡിസ്പെൻസറി-കുട്ടോത്ത്
ഹോമിയോ ഡിസ്പെൻസറി- മേമുണ്ട
സാംസ്കാരികനിലയം ലൈബ്രറി മേമുണ്ട
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് (പഞ്ചായത്ത് ഓഫീസ് കെട്ടിടം)
ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഫീസ് (പഞ്ചായത്ത് ഓഫീസ് കെട്ടിടം)
അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസ് (പഞ്ചായത്ത് ഓഫീസ് കെട്ടിടം)
സി.ഡി.എസ്. ഓഫീസ് (പഞ്ചായത്ത് ഓഫീസ് കെട്ടിടം)
സാംസ്കാരിക നിലയം - ലോകനാർകാവ്, ചല്ലിവയൽ മേമുണ്ട
സാംസ്കാരിക നിലയം - വണ്ണാറത്ത് താഴ
സി.ഡി.എസ്.ഓഫീസ് - ലൈബ്രറി- പഞ്ചായത്ത് ഓഫീസ് കെട്ടിടം.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾ :-

മേമുണ്ട ഹയർസെക്കണ്ടറി സ്കൂൾ
എം.ജെ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ
എം.സിഎം.യു.പി.സ്കൂൾ
വില്ല്യാപ്പള്ളി യു.പി.സ്കൂൾ
കീഴൽ ദേവിവിലാസം യു.പി.സ്കൂൾ
കീഴൽ യു.പി.സ്കൂൾ
പൊന്ന്യത്ത് മാപ്പിള യു.പി.സ്കൂൾ
മയ്യന്നൂർ നമ്പർ വൺ എൽ.പി.സ്കൂൾ
മയ്യന്നൂർ എൽ.പി.സ്കൂൾ
വില്ല്യാപ്പള്ളി എം.എൽ.പി.സ്കൂൾ
വില്ല്യാപ്പള്ളി വെസ്റ്റ് എം.എൽ.പി.സ്കൂൾ
വില്ല്യാപ്പള്ളി സൗത്ത് എൽ.പി.സ്കൂൾ
തിരുമന എൽ.പി.സ്കൂൾ
കൊളത്തൂർ എൽ.പി.സ്കൂൾ
ചാത്തോത്ത് എം.എൽ.പി.സ്കൂൾ
ചിറവട്ടം എൽ.പി.സ്കൂൾ
കാവിൽ എൽ.പി.സ്കൂൾ
മേമുണ്ട ഈസ്റ്റ് എൽ.പി.സ്കൂൾ
അംഗനവാടികൾ - 33
ശിശുമന്ദിരം മേമുണ്ട
ബോധി ബഡ്സ് സ്പെഷ്യൽ സ്കൂൾ അരകുളങ്ങര
തുടർവിദ്യാകേന്ദ്രങ്ങൾ- വില്ല്യാപ്പള്ളി, അരകുളങ്ങര, കുട്ടോത്ത്
വികസനവിദ്യാകേന്ദ്രം- മേമുണ്ട

## സാമൂഹിക – സാംസ്കാരിക സാമ്പത്തിക സ്ഥിതി

സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് മദിരാശി പ്രവിശ്യയുടെ ഭാഗമായിരുന്ന പഴയ മലബാർ ജില്ലയിൽ രൂപീകൃതമായതാണ് വില്ല്യാപ്പള്ളി പഞ്ചായത്ത്. വില്ല്യാപ്പള്ളി, മേമുണ്ട,ചെമ്മരത്തൂർ, എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നതായിരുന്നു അന്നത്തെ പഞ്ചായത്ത്. ആദ്യമായി രൂപീകരിക്കപ്പെട്ട അഞ്ചംഗ ഭരണസമിതിയുടെ പ്രസിഡണ്ട് ശ്രീ. എൻ.കെ.കുഞ്ഞിരാമക്കുറുപ്പായിരുന്നു. നികുതിദായകർക്ക് വോട്ടവകാശവും കൈപൊക്കി വോട്ട് രേഖപ്പെടുത്തുന്ന സമ്പ്രദായവും നിലവിലുണ്ടായിരുന്ന ആഘട്ടത്തിൽ ജാവ അമ്മദ്ഹാജി മൂത്താന കുഞ്ഞിരാമക്കുറുപ്പ്, വി.കെ.നാരായണൻ നമ്പ്യാർ, മഠത്തിൽ ഗോപാലക്കുറുപ്പ്, എന്നിവർ പ്രസിഡണ്ടുമാരായിട്ടുണ്ട്. ഇന്നത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു ഭരണ നിർവ്വഹണ രീതിയിലാണ് അന്ന് പഞ്ചായത്ത് പ്രവർത്തിച്ചിരുന്നത്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം പഞ്ചായത്ത് പുനസംഘടനയിൽ വില്ല്യാപ്പള്ളി റവന്യൂ വില്ലേജ് പ്രദേശം വില്ല്യാപ്പള്ളി പഞ്ചായത്തായി നിർണ്ണയിക്കപ്പെട്ടു. അതിന് ശേഷം രൂപീകരിക്കപ്പെട്ട ആദ്യ പഞ്ചായത്ത് ഭരണസമിതി 1964 ജനുവരി 1 നാണ് ചുമതലയേൽക്കുന്നത്. ഈ ഭരണസമിതിയുടെ പ്രസിഡണ്ട് പി.ബാലകൃഷ്ണൻ നമ്പ്യാരായിരുന്നു. ഭരണഘടനാഭേദഗതിയിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരുന്നതിന് മുമ്പ് പി. ബാലകൃഷ്ണൻ നമ്പ്യാർക്ക് ശേഷം കെ.കെ.അബ്ദുള്ള, സി.എച്ച്.നാരായണൻ, ആർ.ബി.കുറുപ്പ്, മാണിക്കോത്ത് കുഞ്ഞിരാമൻ, എന്നിവരാണ് പ്രസിഡണ്ടുമാരായി ചുമതല വഹിച്ചത്. 1995 ൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമായി രൂപീകരിക്കപ്പെട്ട വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡണ്ടുമാരായിട്ടുള്ളത് എം.എം.നാരായണിടീച്ചർ, പി.രാജൻമാസ്റ്റർ, ആർ.ബാലറാം, കെ.കെ.ബിജുള, കെ.ക.മോഹനൻ എന്നിവരാണ്. ഇപ്പോൾ കെ.കെ.ബിജുള വീണ്ടും പ്രസിഡണ്ടായി ചുതമല വഹിക്കുന്നു.

പഴയ കടത്തനാടിന്റെ ഭാഗമായി കാർഷിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്ത ഒരു ജനതയാണ് ഇവിടെ നിലവിലുണ്ടായിരുന്നത്. ചില ജന്മി കുടുംബങ്ങളുടെയും തമ്പുരാക്കന്മാരുടെയും ഉടമസ്ഥതയിലാണ് അന്ന് കൃഷിഭൂമി മുഴുവനും ഉണ്ടായിരുന്നത്. കടത്തനാടിന്റെ സാംസ്കാരികകേന്ദ്രം എന്ന നിലയ്ക്ക് പ്രാധ്യാന്യമുണ്ടായിരുന്ന ലോകനാർകാവ് വടക്കൻപാട്ടുകളിലൂടെ പ്രസിദ്ധമായ സ്ഥലമാണ്. ഗണിതം, വൈദ്യം, കളരി, സാഹിത്യം, നടോടികഥകൾ തുടങ്ങിയ മേഖലകളിൽ എടുത്തു പറയത്തക്ക സംഭാവന നൽകിയ ഒട്ടെറെ മഹാരഥന്മാരുടെതുൾപ്പെടെ ഉയർന്ന സാംസ്കാരിക പാരമ്പര്യം നമുക്ക് അവകാശപ്പെടാനുണ്ട്. നവോത്ഥാനപ്രസ്ഥാനത്തിന്റെ അലയൊലികൾ ശക്തമായിതന്നെ നമ്മുടെ പ്രദേശത്തും അനുഭവപ്പെട്ടു. അയിത്തം, ജന്മിത്വം, സാമ്രാജ്യത്വം, എന്നിവയ്ക്കെതിരെ കേരളമാകെ നടന്ന ധീരമായ പോരാട്ടങ്ങളുടെ ഭാഗമായ ചെറുത്ത് നിൽപ്പുകൾ, വില്ല്യാപ്പള്ളിയിലും നടത്തിയിട്ടുണ്ട്. ലോകനാർകാവ് ക്ഷേത്രപ്രവേശന സമരം, കുളത്തിൽ കുളിക്കാനുള്ള അവകാശത്തിനുവേണ്ടിയുള്ള സമരം, പന്തിഭോജനം, അധ്യാപകരുടെ ശനിയൻ സഭാ ബഹിഷ്കരണം, എന്നിവ ഇക്കൂട്ടത്തിൽപ്പെടുന്നു. വി.പി.കുഞ്ഞിരാമക്കുറുപ്പ്, മരുതിയോട്ട് രാമൻ, പി.കെ.കൃഷ്ണൻ, എന്നിവരുടെ ഓർമ്മകൾ എന്നും പ്രചോദനമാണ്.

സ്വാതന്ത്ര്യത്തിന്ശേഷം പഞ്ചായത്തിന്റെ സാമൂഹികാവസ്ഥതന്നെ മാറ്റി മറിച്ച ഭൂപരിഷ്കരണവും വിദ്യാഭ്യസ പരിഷ്കരണവും നമ്മുടെ ജനതയുടെ പുരോഗതിക്ക് നിദാനമായി. വിരലിലെണ്ണാവുന്ന കുടുംബങ്ങളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന ഭൂമിയുടെ ഉടമകളായി പതിനായിരങ്ങൾ പരിണമിച്ചതും പുതിയ വിദ്യാഭ്യാസ സംവിധാനങ്ങളുടെ കടന്നുവരുവോടെ ബഹുഭൂരിപക്ഷത്തിനും വിദ്യാഭ്യാസം ആർജ്ജിക്കാൻ കഴിഞ്ഞതും ഗുണപരമായ വലിയ മുന്നേറ്റത്തിലേക്ക് നയിച്ചു. ഈ പാശ്ചാത്തലത്തിൽ ആരംഭിക്കുകയും പിന്നീട് വികസിക്കുകയും ചെയ്ത ഗൾഫ് രാജ്യങ്ങളുമായുള്ള ബന്ധം ഗ്രാമപഞ്ചായത്തിലെ ജനസമൂഹത്തിന്റെ ജീവിതനിലവാരത്തെ വലിയ തോതിൽ സ്വാധീനിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തു. പുതിയ തൊഴിൽ മേഖലകളുടെ വളർച്ച ഉൾപ്പെടെ നമ്മുടെ നാടിന്റെ സംസ്കാരത്തെ തന്നെ ഇത് സ്വാധീനിക്കുകയുണ്ടായി. എന്നാൽ ഉല്പ്പാദനമേഖലയിൽ നിലനിൽക്കുന്ന ദൗർബല്യം വികസന നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിന് തടസ്സമായി നിൽക്കുകയാണ്.

അറേബ്യയിൽ നിന്നും കൊടുങ്ങല്ലൂർ വഴി കുറുക്കാട്ട് പ്രദേശത്ത് എത്തിയ ഒരു മുസ്ലീം പണ്ഢിതന്റെ നേതൃത്വത്തിൽ പ്രദേശവാസികളുടെ സഹകരണത്തോടെ നൂറ്റാണ്ടുകൾക്ക് മുമ്പ് പണിത പറമ്പിൽ വലിയ ജുമാഅത്ത് പള്ളി, തച്ചോളി ഒതേനന്റെ അവധാനങ്ങൾ പ്രകീർത്തിക്കപ്പെട്ട ലോകനാർകാവ് ക്ഷേത്രം തുടങ്ങി ചരിത്രപ്രസിദ്ധമായ ആരാധനാ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിന്റെ ഭാഗമാണ്. ലോകനാർകാവ് ക്ഷേത്രം സർക്കാർ പൈതൃകസ്മാരമായി പ്രഖ്യാപിക്കുകയും തൊട്ടടുത്ത പയംകുറ്റിമല ഉൾപ്പെടെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായി മാറ്റുകയും ചെയ്തിട്ടുണ്ട്.

വിവിധ ജനവിഭാഗങ്ങൾ സഹിഷ്ണുതയോടെയും പരസ്പരവിശ്വാസത്തോടെയും ജീവിക്കുന്ന  ഒരു സാംസ്കാരിക പാരമ്പര്യമാണ് ഈ ഗ്രാമപഞ്ചായത്തിനുള്ളത്. കല, സാഹിത്യ, സാംസ്കാരിക മണ്ഡലങ്ങളിൽ കടത്തനാടിന്റെ മഹത്തായ പാരമ്പര്യത്തെ സ്വാംശീകരിച്ചുകൊണ്ട് പിൽക്കാലത്തും വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച ഒട്ടേറെ പ്രതിഭാശാലികൾ ഈ പഞ്ചായത്തിൽ ജീവിച്ചിരുന്നിട്ടുണ്ട്. അതത് ഘട്ടങ്ങളിൽ അവരുടെ സംഭാവനകൾ നമ്മുടെ സമൂഹത്തിന് വലിയ ഊർജ്ജം നൽകിയവയാണ്. ഇന്നും സാഹിത്യം,നാടകം, തുടങ്ങിയ മേഖലകളിൽ സംസ്ഥാനതലത്തിൽ ശ്രദ്ധേയമായ ഒട്ടേറെ വ്യക്തികൾ നമ്മുടെ സാംസ്കാരികരംഗത്ത് സംഭാവനകൾ നൽകിപോരുന്നു. കലാ-കായിക സംഘടനകൾ ഈ രംഗത്ത് പുതിയ തലമുറയ്ക്കാവശ്യമായ പ്രചോദനവും പ്രോത്സാഹനവും നൽകി നാടിന്റെ പാരമ്പര്യം സംരക്ഷിക്കുന്നുണ്ട്. ത്രിതല പഞ്ചായത്ത് ഭരണസംവിധാനങ്ങൾ നിലവിൽ വരികയും അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തതിന് ശേഷം ജനങ്ങളുടെയും ഭരണകർത്താക്കളുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ഒട്ടേറെ സാമൂഹ്യ ദൗർബല്യങ്ങളും പരിമിതികളും പരിഹരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാ വികസന മേഖലകളിലും സന്തുലിത വികസനം സാധ്യമാക്കാൻ വേണ്ടിയുള്ള പ്രയത്നമാണ് കഴിഞ്ഞ രണ്ട് ദശകക്കാലം നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുള്ളത്. ഈ അനുഭവങ്ങൾ കൂടി സ്വാംശീകരിച്ച്കൊണ്ട് കലോചിതമായ ഇടപെടലുകളിലൂടെ നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുള്ള കർമ്മ പദ്ധതിക്കായ് നമ്മൾ രൂപം കൊടുക്കാൻ ശ്രമിക്കുന്നുണ്ട്.

■

# വില്ല്യാപ്പള്ളി പഞ്ചായത്ത് വക ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | താലൂക്ക് | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം | ഭൂമിയുടെ നിലവിലെ ഉപയോഗം | ഭൂമിയുടെ ആവശ്യം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | വടകര | വില്ല്യാപ്പള്ളി | 32/7 | 3.3 ആർ | 4875/28.07.1970 | പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് |
| 2 | വടകര | വില്ല്യാപ്പള്ളി | 55/IB | 14 സെന്റ് | 24265.77/27.05.1973 | മത്സ്യമാർക്കറ്റ് |
| 3 | വടകര | വില്ല്യാപ്പള്ളി | 18/2 | 95 സെന്റ് | 35000/15.01.1982 | ശ്മശാനം |
| 4 | വടകര | വില്ല്യാപ്പള്ളി | 55/3<br>54/8, 54/9, 55/4 | 72സെന്റ് | 75992.51/28.07.1984 | ഷോപ്പിംഗ് സെന്റർ |
| 5 | വടകര | വില്ല്യാപ്പള്ളി | 125/1 | 5 സെന്റ് | 1989 | ലൈബ്രറി ബിൽഡിംഗ് |
| 6 | വടകര | വില്ല്യാപ്പള്ളി | 29/1 | 4 സെന്റ് | 8000/11.08.1989 | പമ്പിംഗ് സ്റ്റേഷൻ |
| 7 | വടകര | വില്ല്യാപ്പള്ളി | 73/7 | 1 ഏക്കർ 14 സെന്റ് | 375000 | മിനി സ്റ്റേഡിയം |
| 8 | വടകര | വില്ല്യാപ്പള്ളി | 56/7 | 3 എക്കർ 10 സെന്റ് | 465000/29.06.1998 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് |
| 9 | വടകര | വില്ല്യാപ്പള്ളി | 141/2 | 5.22 സെന്റ് | 30000/12.10.2001 | ഗ്രാമസഭാ മന്ദിരം |
| 10 | വടകര | വില്ല്യാപ്പള്ളി | 10/4 | 131.44 സെന്റ് | 124475/28.01.2004 | ബഡ്സ് സ്കൂൾ |
| 11 | വടകര | വില്ല്യാപ്പള്ളി | 133/12 | 0.61 ആർ | 18.10.2007 | മൈക്കുളങ്ങര കുടിവെള്ളപദ്ധതി കിണർ സ്ഥലം |
| 12 | വടകര | വില്ല്യാപ്പള്ളി | 140 | 0.25 ആർ | 22.02.2008 | കാട്ടുപുറ്റാറത്ത് ഭാഗം ജല സേചന പദ്ധതി സ്ഥലം |
| 13 | വടകര | വില്ല്യാപ്പള്ളി | 127/5 | 0.39 ആർ | 22.01.2009 | കാട്ടുപുറ്റാറത്ത് ഭാഗം ജല സേചന പദ്ധതി ടാങ്ക് സ്ഥലം |
| 14 | വടകര | വില്ല്യാപ്പള്ളി | 52/2 | 1 ആർ | 6500/07.03.2009 | കൊല്ലന്റെ മീത്തൽ ജല സേചന പദ്ധതി സ്ഥലം |
| 15 | വടകര | വില്ല്യാപ്പള്ളി | 51/10 | 0.50 സെന്റ് | 19.01.2009 | ഇത്തിൾകണ്ടിഭാഗം ജല സേചന പദ്ധതി സ്ഥലം |
| 16 | വടകര | വില്ല്യാപ്പള്ളി | 26/9 | 0.75 സെന്റ് | 01.01.2010 | കൊറ്റ്യാംവെള്ളി ജല സേചന പദ്ധതി സ്ഥലം |
| 17 | വടകര | വില്ല്യാപ്പള്ളി | 132/8 | 0.279 സെന്റ് | 10000/24.05.2010 | എടലോട്ട്ലക്ഷംവീട് കോളനി കുടിവെള്ളപദ്ധതി സ്ഥലം |
| 18 | വടകര | വില്ല്യാപ്പള്ളി | | 0.81 ആർ | 1535/14 dt.29.11.2014 | ടാഗോർ സ്മാരക വായനശാല & ഗ്രന്ഥാലയം കെട്ടിടം നിർമ്മിക്കാൻ |
| 19 | വടകര | വില്ല്യാപ്പള്ളി | 102/4 | 0.86 ആർ | 1186/2015 dt. 10.09.2015 | മേമുണ്ട ഹയർസെക്കണ്ടറി സ്കൂൾ ചുററുമതിൽ സ്ഥലം |

## പഞ്ചായത്തിന് കൈമാറിക്കിട്ടിയ ഭൂമിയുടെ വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | വില്ലേജ് | സർവ്വെ നമ്പർ | വിസ്തീർണ്ണം | ഭൂമിയുടെ നിലവിലെ ഉപയോഗം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | അംഗൻവാടി | വില്ല്യാപ്പള്ളി | 115/4 | 1.215 ആർ | അംഗൻവാടി |
| 2 | മൊട്ടേമ്മൽ അംഗൻവാടി | വില്ല്യാപ്പള്ളി | 193/3 | 0.81 ആർ | അംഗൻവാടി |
| 3 | 111 അംഗൻവാടി | വില്ല്യാപ്പള്ളി | 124/6 | 1.21 ആർ | അംഗൻവാടി |
| 4 | 104 അംഗൻവാടി | വില്ല്യാപ്പള്ളി | 85/6 | 1.22 ആർ | അംഗൻവാടി |
| 5 | ആയൂർവേദ ആശുപത്രി സൈറ്റ് | വില്ല്യാപ്പള്ളി | 120/13 | 4.17 ആർ | ആയൂർവേദ ആശുപത്രി സൈറ്റ് |
| 6 | കോടിയത്ത് അംഗൻവാടി | വില്ല്യാപ്പള്ളി | 132/1 | 1.215 ആർ | അംഗൻവാടി |
| 7 | മലച്ചാൽപറമ്പത്ത് അംഗൻവാടി | വില്ല്യാപ്പള്ളി | 69/3 | 0.82 ആർ | അംഗൻവാടി |
| 8 | 90 അമരാവതി അംഗൻവാടി | വില്ല്യാപ്പള്ളി | 71/8 | 1.22 ആർ | അംഗൻവാടി |
| 9 | 113 അംഗൻവാടി | വില്ല്യാപ്പള്ളി | 34/3 | 1.2 ആർ | അംഗൻവാടി |
| 10 | 102 പൊന്ന്യത്ത് അംഗൻവാടി | വില്ല്യാപ്പള്ളി | 119/8 | 1.21 ആർ | അംഗൻവാടി |
| 11 | ഇങ്ങോളിപ്പാറഅംഗൻവാടി | വില്ല്യാപ്പള്ളി | 213/1 | 1.86 ആർ | അംഗൻവാടി |
| 12 | കരുവോത്ത് അംഗൻവാടി | വില്ല്യാപ്പള്ളി | 197/3 | 3.2 ആർ | കരുവോത്ത് അംഗൻവാടി |
| 13 | 115 അംഗൻവാടി | വില്ല്യാപ്പള്ളി | 99/13 | 2 ആർ | 115 അംഗൻവാടി |
| 14 | K.B.Menon Memorial PHC | വില്ല്യാപ്പള്ളി | | | പ്രാഥമികആരോഗ്യകേന്ദ്രം |
| 15 | കുളത്തൂർ സബ്ബ് സെന്റർ | വില്ല്യാപ്പള്ളി | | | PHCസബ്ബ് സെന്റർ |
| 16 | മേമുണ്ട സബ്ബ് സെന്റർ | വില്ല്യാപ്പള്ളി | | | PHCസബ്ബ് സെന്റർ |
| 17 | കീഴൽ സബ് സെന്റർ | വില്ല്യാപ്പള്ളി | | | PHCസബ്ബ് സെന്റർ |
| 18 | മയ്യന്നൂർ സബ്ബ് സെന്റർ | വില്ല്യാപ്പള്ളി | | | PHCസബ്ബ് സെന്റർ |

പട്ടിക 1.5 : വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർ

| ക്രമ നമ്പർ | പ്രധാന തൊഴിൽ | എണ്ണം (ലഭ്യമാണെങ്കിൽ) | പ്രധാനമായും ഉള്ള വാർഡുകൾ |
|---|---|---|---|
| 1 | കർഷകർ | ലഭ്യമല്ല | 1 മുതൽ 19 വരെ |
| 2 | കർഷക തൊഴിലാളികൾ | കർഷക തൊഴിലാളികൾ | 1 മുതൽ 19 വരെ |
| 3 | മത്സ്യ ബന്ധനത്തിലേർപ്പെട്ടുന്നവർ | മത്സ്യബന്ധനം | ഇല്ല |
| 4 | പരമ്പരാഗത തൊഴിലെടുക്കുന്നവർ | പരമ്പരാഗത തൊഴിലുകൾ | ഒന്നാം വാർഡ് |
| 5 | ദിവസ കൂലിക്കാർ | ദിവസ കൂലിക്കാർ | 1 മുതൽ 19 വരെ |
| 6 | അതിഥിഅവിദഗ്ധ തൊഴിലാളികൾ | അതിഥിഅവിദഗ്ദതൊഴിലാളികൾ | 1 മുതൽ 19 വരെ |
| 7 | വ്യാപാരി/വ്യവസായികൾ | വ്യാപാരംവ്യവസായം/ | 1 മുതൽ 19 വരെ |
| 8 | നിർമ്മാണ തൊഴിലാളികൾ | നിർമ്മാണ തൊഴിലാളികൾ | 1 മുതൽ 19 വരെ |
| 9 | ചെറുകിട കച്ചവടക്കാർ | ചെറുകിട കച്ചവടക്കാർ | 1 മുതൽ 19 വരെ |
| 10 | ശമ്പള ജോലിക്കാർ: സർക്കാർ | ശമ്പള ജോലിക്കാർസർക്കാർ- | 1 മുതൽ 19 വരെ |
| 11 | ശമ്പള ജോലിക്കാർ: സ്വകാര്യം | ശമ്പള ജോലിക്കാർസ്വകാര്യം- | 1മുതൽ 19 വരെ |
| 12 | പ്രവാസികൾ | പ്രവാസികൾ | 1 മുതൽ 19 വരെ |
| 13 | മറ്റുള്ളവർ | മറ്റുള്ളവ | 1 മുതൽ 19 വരെ |

(സ്രോതസ്:

പട്ടിക 1.6 : ഉപജീവന തൊഴിലുകൾ

| ക്രമ നമ്പർ | തൊഴിൽ | യൂണിറ്റുകളുടെ എണ്ണം (ഷെഡുകൾ/മത്സ്യക്കുളങ്ങൾ/ടാങ്ക് ഉടങ്ങിയവ) | ആകെ മൃഗങ്ങളുടെ/പക്ഷികളുടെ എണ്ണം |
|---|---|---|---|
| 1. | കോഴി/ താറാവ് വളർത്തൽ | 5 | 350 |
| 2. | ക്ഷീര കൃഷി(പശു/എരുമ) | എണ്ണം വലിയ 2) 5 (ഫാമുകൾ | 60 |
| 3. | പന്നി വളർത്തൽ | 0 | 0 |
| 4 | ആട് വളർത്തൽ | 6 | 180 |
| 5. | മറ്റേതെങ്കിലുംവളർത്തുമൃഗങ്ങൾ | 0 | 0 |
| 6. | മത്സ്യകൃഷി/ അലങ്കാരമത്സ്യകൃഷി | ചെറിയ 2യൂണിറ്റുകൾ | |

## റോഡുകളുടെ സ്ഥിതി വിവരങ്ങൾ

(നീളം കി.മീ)

| റോഡുകളുടെ തരം | 3 മീറ്റർ വരെ വീതി | 3 മുതൽ 6 മീറ്റർ വരെ വീതി | 6 മീറ്ററിന് മുകളിൽ | ആകെ നീളം (കി.മീ) | അറ്റകുറ്റപ്പണികൾ നടത്തേണ്ടത് (കി.മീ) | പുതുതായി നിർമ്മിക്കേണ്ടവ(കി.മീ) നീളം |
|---|---|---|---|---|---|---|
| മൺറോഡ് | 64.25 | 16.742 | 0.300 | 80.992 | 54.403 | 8.68 |
| മെറ്റൽറോഡ് | 9.24 | 7.963 | | 17.203 | 6.46 | 5.00 |
| ടാർ റോഡ് | 30.86 | 34.41 | 2.2 | 67.47 | 17.37 | 8.50 |
| കോൺക്രീറ്റ് റോഡ് | 3.7 | 2.313 | | 6.013 | | |
| കോൺക്രീറ്റ് നടപ്പാത | 4.76 | | | 4.76 | 0.01 | 1.40 |
| ഇന്റർലോക്ക് റോഡ് | NIL | | | | | |
| നടപ്പാത | 11.46 | | | 11.46 | 3.25 | 7.646 |
| ആകെ | 124.27 | 61.428 | 2.5 | 187.898 | 81.493 | 31.226 |

## ജനസംഖ്യാ സ്ഥിതി വിവരങ്ങൾ :-

| വിഭാഗം | സ്ത്രീ | പുരുഷൻ | ട്രാൻജെന്റർ | ആകെ |
|---|---|---|---|---|
| ജനസംഖ്യ | 18554 | 15948 | - | 34502 |
| സാക്ഷരത | 15441(83%) | 13747(86%) | | 29188(84%) |
| കുട്ടികൾ | 1369 | 1376 | - | 2745 |
| എസ്.സി. | 360 | 332 | - | 692 |
| എസ്.ടി. | - | - | - | - |

(സെൻസസ് 2011)

## ഭൂവിനിയോഗത്തിലും പരിസ്ഥിതിയിലും വന്ന മാറ്റങ്ങൾ

കല്ല് കലർന്ന ചെമ്മണ്ണ് കൂടുതലുള്ളതും നെല്ല്, കവുങ്ങ് എന്നീ വിളകൾക്ക് അനുയോജ്യമായിട്ടുള്ളതുമായ നോർത്തേൺ മിഡ്ലാന്റ് എന്ന ഭൂവിഭാഗത്തിലാണ് വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കുറ്റ്യാടിപുഴയുടെയും മാഹിപുഴയുടെയും നദീതട പ്രദേ ശങ്ങളായിട്ടുള്ള പഞ്ചായത്തിൽ അഞ്ച് നീർത്തടപ്രദേശങ്ങൾ ഭാഗി കമായി ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാഗ ത്തായി സ്ഥിതി ചെയ്യുന്ന വലിയമല തൊട്ട് തെക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന പയംകുറ്റിമല തുടങ്ങിയ മലകളും കുന്നുകളും ഈ നീർത്ത ടപ്രദേശത്തെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ളതാണ്. ചെറുതും വലുതുമായ കുന്നുകൾ നിറഞ്ഞ പ്രദേശമായതുകൊണ്ട് ഭൂവി സ്ത്രിതിയുടെ ഭൂരിഭാഗവും വരുന്നത് ചെരിവ് പ്രദേശങ്ങളാണ്. നേര ത്തെയുണ്ടായ നെൽവയലുകൾ ദശകങ്ങൾക്ക് മുമ്പ് തന്നെ നികത്തി പുരയിടങ്ങളായി മാറ്റപ്പെട്ടു. നെൽകൃഷി നിലവിൽ ഇല്ല. ഭൂവിനിയോ ഗത്തിന്റെ പരമ്പരാഗത രീതി മാറുകയും അശാസ്ത്രീയമായ വിനി യോഗ രീത വ്യാപകമാവുകയും ചെയ്തതിന്റെ ഫലമായി സ്വാഭാ വിക നീരൊഴുക്ക് രീതികൾ തകരുകയും ചെറു ജലശേഖരങ്ങൾ ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. അതിരൂക്ഷമായ മണ്ണൊലിപ്പ് കാർഷിക പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നത് കൂടാതെ ഗതാഗത സൗകര്യങ്ങളെയും തടസ്സപ്പെടുത്തുന്നു. ഇൻലാന്റ് നാവി ഗേഷൻ കനാലായ വടകര-മാഹി കനാൽ, കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ടിന്റെ ഭാഗമായ കനാലുകൾ തുടങ്ങിയവും പഞ്ചായത്തിന്റെ ജല ലഭ്യതയിൽ പ്രധാനപ്പെട്ടതാണ്. നേരത്തെ ചില സ്ഥലങ്ങളിൽ കരിങ്കൽ ഖനനം നടന്നിരുന്നെങ്കിലും ഇപ്പോൾ ഇവയൊന്നും പ്രവർത്തിക്കുന്നില്ല. നേരത്തെ നടത്തിയ ഖനനത്തിന്റെ ഭാഗമായി രൂപ പ്പെട്ട ക്വാറിജലാശയങ്ങൾ ജലലഭ്യതയ്ക്ക് സഹായകമെങ്കിലും അപ കട ഭീഷണിയും ഉയർത്തുന്നുണ്ട്.

# വില്ല്യാപ്പള്ളിയുടെ ജനകീയാസൂത്രണ ചരിത്രം:-

ശ്രീമതി എം.എം.നാരായണി ടീച്ചർ പ്രസിഡണ്ടായ ഭരണസമിതിയാണ് വില്ല്യാപ്പള്ളി പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. ശ്രീ. ആർ.ബാലറാം മാസ്റ്റർ കൺവീനറായ ജനകീയാസൂത്രണസമിതിയിൽ ജില്ലാ പരിശീലകരായ ടി.മോഹൻദാസ്, പി.പി.കുട്ടികൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ പന്ത്രണ്ട് സന്നദ്ധപ്രവർത്തകർ വ്യത്യസ്ത വികസന മേഖലകളിലെ പ്രവർത്തനങ്ങൾക്ക് സഹായിച്ചു. എം.ശശിധരൻ, വി.കെ.രാമകൃഷ്ണൻ, ജയപ്രകാശം, രവി മുണ്ടോളി, ടി.ടി.രവീന്ദ്രൻ പി.പി.പ്രഭാകരൻ, തുടങ്ങിയ നിരവധി സന്നദ്ധ പ്രവർത്തകർ സജീവമായി ഇടപെടലുകൾ നടത്തി. പഞ്ചായത്ത് സെക്രട്ടറി ഹരിപ്രസാദ് ബാബുവിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരും ഒത്തൊരുമിച്ച് പ്രവർത്തിച്ചു..

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പരിശീലനപരിപാടികൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ പഞ്ചായത്ത് തലത്തിൽ ഒരു സാമൂഹ്യസാമ്പത്തിക സർവ്വെ നടത്താൻ ഭരണസമിതി തീരുമാനിക്കുകയും അതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനത്തിന് ശേഷം 1996 സപ്തംബർ 14 മുതൽ ഒക്ടോബർ 2 വരെ ആറ് അവധി ദിവസങ്ങളിലാണ് 12 വാർഡുകളിലെയും ഗ്രാമസഭകൾ ചേർന്നത്. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും സംഘടിപ്പിക്കപ്പെട്ട വിളംബര ജാഥകൾ, അയൽക്കൂട്ടങ്ങൾ, വിവിധ സംഘടനകൾ നടത്തിയ സെമിനാറുകൾ, ജനാധികാര കലാജാഥകൾ തുടങ്ങിയ പ്രചരണ പ്രവർത്തനങ്ങളുടെ ഫലമായി താരതമ്യേന മെച്ചപ്പെട്ട പങ്കാളിത്തം ഗ്രാമസഭകളിലുണ്ടായി. 12 വാർഡുകളിലായി മൊത്തം 3198 പേർ ഗ്രാമസഭകളിൽ പേര് റജിസ്റ്റർ ചെയ്തു. ഇതിൽ 1149 പേർ സ്ത്രീകളാണ്. ഒരു ഗ്രാമസഭയിൽ ശരാശരി 269 പേർ പങ്കെടുത്തു. ഗ്രാമസഭ പ്രവർത്തനങ്ങൾക്കൊപ്പം തന്നെ സാമൂഹിക സാമ്പത്തിക സർവ്വെയും ദ്വിതീയ സ്ഥിതി വിവരക്കണക്ക് ശേഖരണവും നടന്നു. ഇതു കൂടാതെ പഞ്ചായത്തിന്റെ ഭൂപ്രകൃതി നേരിട്ട് മനസ്സിലാക്കുന്നതിന് മൂന്ന് പഠന പര്യടനങ്ങൾ റിസോഴ്സ് ഗ്രൂപ്പ് നടത്തി. ഇത്രയും പശ്ചാത്തല പ്രവർത്തനങ്ങൾക്ക് ശേഷമാണ് ഏതാണ്ട് ഒരു മാസക്കാലം കൂടിയിരുന്ന് വികസന രേഖ തയ്യാറാക്കിയത്.

പല വാർഡുകളിലും ഗ്രാമസഭ ചർച്ചയക്ക് ശേഷം വാർഡ് വികസന സമിതികൾ ചേർന്ന് തുടർപ്രവർത്തനങ്ങൾ നിശ്ചിയിക്കുകയും പുതുതായി രൂപപ്പെടുന്ന കൂട്ടായ്മയെ ക്രിയാത്മകമാക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരളപ്പിറവി ദിനത്തിൽ പുനർപ്പണദിനമായി ആചരിച്ച് കൊണ്ട് പൂർണ്ണമായ സന്നദ്ധപ്രവർത്തനങ്ങൾ നടന്നു. പഞ്ചായത്തിൽ മൊത്തം 705 പേർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. രണ്ടരലക്ഷം രൂപ ചെലവ് വരുന്ന പ്രവർത്തനങ്ങളാണ് ഒറ്റ ദിവസം കൊണ്ട് പഞ്ചായത്ത് പൂർത്തീകരിച്ചത്.

പഞ്ചായത്തിൽ ആദ്യമായി തയ്യാറാക്കിയ കരട് വികസന രേഖ വിശദമായ ചർച്ച ചെയ്യാനായി വികസന സെമിനാർ സംഘടിപ്പിച്ചു. വികസന സെമിനാറിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ വികസനരേഖ അന്തിമമാക്കി. തുടർന്ന് പഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയ വികസന മേഖലയിലെ ഊന്നൽ മേഖലകളെ അവലംബമാക്കി പ്രൊജക്ടുകൾ തയ്യാറാക്കി. പ്രൊജക്ടുകൾ ബ്ലോക്ക് തലത്തിലുള്ള വിദഗ്ദ സമിതികൾ പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾക്ക് ശേഷം നടപ്പിലാക്കാനുള്ള അംഗീകാരം നൽകി.

അധികാര വികേന്ദ്രീകണത്തിന്റെ അനന്തസാധ്യതകളെക്കുറിച്ച് കേരളത്തിലെ ഒന്നാം ജനകീയ സർക്കാർ മുതൽ നാം ചർച്ച ചെയ്ത് കൊണ്ടിരിക്കുകയായിരുന്നു. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പിറവി മുതൽ നമുക്കത് നേരിട്ട് ബബോധ്യമായി തുടങ്ങി. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷങ്ങൾ അത്ഭുതപൂർവ്വമായ നേട്ടങ്ങളുടെ വർഷങ്ങളായി കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലും അനുഭവവേദ്യമായി.

വില്ല്യാപ്പള്ളി പഞ്ചായത്തിനും അഭിമാനിക്കാൻ കഴിയുന്ന നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെന്നത് നിസ്തർക്കമാണ്. 1996 ൽ ജനകീയാസൂത്രണത്തിന്റെ ആദ്യനാളുകളിൽ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട വികസനപ്രശ്നങ്ങൾ എണ്ണിയാൽ തീരാത്തതായിരുന്നു.

രൂക്ഷമായ കുടിവെള്ള പ്രശ്നം, മൂന്നിൽ രണ്ട് കുടുംബങ്ങളിലും സ്വന്തമായി കിണറില്ലാത്ത അവസ്ഥ, ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ അപര്യാപ്തത, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിമിതികൾ, റോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ ശോചനീയാവസ്ഥ, ആയിരത്തിലധികം വീടുകളിൽ കക്കൂസ് ഇല്ലാത്ത ദുഃസ്ഥിതി, കാർഷിക രംഗത്തുനിന്നുമുള്ള പിന്മാറ്റം, മൃഗസംരക്ഷണ മേഖലയിലെ ശാസ്ത്രീയ ചികിത്സാ സംവിധാനങ്ങളുടെ അഭാവം, തൊഴിൽ പങ്കാളിത്ത നിരക്കിൽ സ്ത്രീ സമൂഹത്തിന്റെ ദയനീയമായ അവസ്ഥ, പരിമിതമായ സൗകര്യങ്ങൾ പോലും ഇല്ലാത്ത ആയിരക്കണക്കിന് ഓല മറച്ച കുടിലുകൾ (1818) അങ്ങിനെയങ്ങനെ എത്രയെത്ര വികസന പ്രശ്നങ്ങളെയാണ് നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. ഒന്നു തിരിഞ്ഞു നോക്കുമ്പോൾ കക്ഷിരാഷ്ട്രീയത്തിന്റെ അതിർ വരമ്പുകൾ ഭേദിച്ചുകൊണ്ട് നാമെല്ലാം ഒറ്റക്കെട്ടായി നിന്നു ഉന്നയിക്കപ്പെട്ട പ്രധാന വിഷയങ്ങൾ പരിഹരിക്കാൻ കൈയ്യും മെയ്യും മറന്നു നാം പ്രവർത്തിച്ചു. അതിശയകരമായ മുന്നേറ്റങ്ങൾ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞു. വിശദാംശങ്ങൾ പറയാതെ തന്നെ നമുക്കെല്ലാം ബോധ്യമുള്ള കാര്യങ്ങളാണിവ. തുടർന്നു വന്ന എല്ലാ ഭരണസമിതികളും ഉന്നയിക്കപ്പെട്ട വികസന പ്രശ്നങ്ങൾ പരിഹരിക്കാൻ രാഷ്ട്രീയ വ്യത്യാസമില്ലാതെ പ്രവർത്തിക്കുകയായിരുന്നു. ഈ പാത തന്നെയാണ് 2020 ന്റെ അവസാന നാളുകളിൽ അധികാരമേറ്റ ഭരണസമിതിയും തുടർന്നു വരുന്നത്.

## അദ്ധ്യായം –3
## വികസന നയവും തന്ത്രങ്ങളും

**പൊതുവികസനനയം: –**

സാമൂഹിക വികസനരംഗത്ത് നാം ആർജ്ജിച്ചിട്ടുള്ള നേട്ടങ്ങളെ സംരക്ഷിച്ചും വർദ്ധിപ്പിച്ചു മുഴുവൻ ജനങ്ങളുടെയും ജീവിത ഗുണമേന്മ ഉയർത്തി സംതൃപ്തവും സന്തോഷകരവുമായ ജീവിതം നയിക്കുന്നതിന് അവരെ പ്രാപ്തമാക്കുന്നതിനും മെച്ചപ്പെട്ടതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനും ഉതകുന്ന ബഹുമുഖവും പരിസ്ഥിത സംരക്ഷണത്തിലൂന്നിയതും തുല്യതയ്ക്ക് വേണ്ടിയുള്ളതും ആയ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് നമ്മുടെ വികസന നയം.

**വികസന തന്ത്രങ്ങൾ :-**

1. ആധുനിക വൈജ്ഞാനിക മേഖലകളുടെ പിൻബലത്തോടെ ഉല്പാദന മേഖലകളെ പുനരുജ്ജീവിപ്പിക്കുകയും വൈജ്ഞാനിക സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുകയും ചെയ്യുക.
2. തുടർച്ചയായ വികസന നേട്ടം കൈവരിക്കുന്നതിനായി തയ്യാറാക്കുന്ന പ്രവർത്തനപദ്ധതികളോരോന്നും ഐക്യരാഷ്ട്രസഭ മുന്നോട്ടുവെച്ച 17 സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals-SDG)കൈവരിക്കുന്നതിനുള്ള ചവിട്ടുപടികളായി മാറ്റുക.
3. പ്രശ്നപരിഹാരത്തിനും പുരോഗതി കൈവരിക്കുന്നതിനും വിവിധ മേഖലകൾ തമ്മിലുള്ള സംയോജന സാധ്യതകളും വിവിധ ഭരണസംവിധാനങ്ങളോടുചേർന്നുള്ള സംയുക്തപദ്ധതികളുടെ സാധ്യതകളും പരമാവധി ഉപയോഗപ്പെടുത്തുക.
4. വിവിധ ഏജൻസികളിൽ നിന്നും വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.
5. വിഭവ സമാഹരണത്തിൽ പണത്തിനോടൊപ്പം സാധനങ്ങൾ, സന്നദ്ധസേവനം, ബഹുജനപങ്കാളിത്തം, എന്നിവയുടെ സാധ്യത ആരായുക.
6. പാർശ്വവൽക്കരിക്കപ്പെട്ടവരുടേയും പ്രത്യേക പരിഗണന അർഹിക്കുന്നവരുടേയും (സ്ത്രീകൾ, കുട്ടികൾ, ട്രാൻസ്ജെന്റർ, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, പട്ടികജാതിക്കാർ, പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്നവർ) തുല്യതയ്ക്കുള്ള പരിഗണന ഉറപ്പാക്കുക.
7. ആസൂത്രണത്തിന്റെയും നിർവ്വഹണത്തിന്റെയും വിലയിരുത്തലിന്റെയും ഘട്ടങ്ങളിൽ മേഖലകളിലെ വിദഗ്ദരുടെയും സന്നദ്ധ പ്രവർത്തരുടെയും സേവനം ഉറപ്പുവരുത്തുക.

**ഉല്പാദന മേഖല : –**

ശാസ്ത്രീയ മാർഗ്ഗങ്ങളും ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തി ഉല്പ്പാദനവും ഉല്പ്പാദനമേഖലയുടെ ക്ഷമത വർദ്ധിപ്പിച്ചും പുതിയ മേഖലകളിൽ ഉൽപ്പാദന സാധ്യതകൾ കണ്ടെത്തിയും കർഷരുടെയും ചെറുകിട വ്യവസായികളുടെയും സംരഭകരുടെയും വരുമാനം വർദ്ധിപ്പിക്കുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക. ഇതിലൂടെ ജനങ്ങളുടെ ജീവിതനിലവാരത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുക. പൊതുവായ സാമ്പത്തിക വളർച്ച കൈവരിക്കുക.

**തന്ത്രങ്ങൾ :-**

1. പാൽ, മുട്ട, മാംസം, പച്ചക്കറി, ഉല്പാദന വർദ്ധനവിലൂടെ സ്വയം പര്യാപ്തത കൈവരിക്കുകയും തുടർന്ന് മിച്ചോൽപ്പാദനം ഉണ്ടാക്കുകയും ചെയ്യുക. ഇതിനായി കൂട്ടുസംരംഭങ്ങൾ ആരംഭിക്കുക.
2. കാർഷികോല്പാദനങ്ങളുടെ മൂല്ല്യവർദ്ധനവ് ലക്ഷ്യമിട്ടുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.
3. പ്രത്യേക മേഖലകളിൽ അറിവും വൈദഗ്ദ്യവും താല്പ്പര്യവും ഉള്ളവരെ ഒരുമിപ്പിച്ചു നൈപുണ്യപരിശീലനം നൽകിയും നവീന സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള സാധ്യത കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കകയും ചെയ്യുക.
4. പ്രാദേശിക ഉല്പ്പന്നങ്ങളുടെ വിപണന സാധ്യത ഉയർത്തുക. സഹകരണസംഘങ്ങൾ/കുടുംബശ്രീ എന്നിവയുടെ കൺസോർഷ്യം രൂപീകരിക്കുക.
5. ഉല്പാദന മേഖലയിൽ പൊതു/സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.
6. സഹകരണ സ്ഥാപനങ്ങളെ ഉല്പാദനമേഖലയിലെ നിക്ഷേപത്തിന് സജ്ജമാക്കുക. ഉല്പാദന മേഖലയെ ലക്ഷ്യമിട്ട് പുതിയസഹകരണസംഘങ്ങൾ തുടങ്ങുന്നതിന് വഴിയൊരുക്കുക.
7. നിലവിലുള്ള ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക.
8. ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വളമാക്കി വിപണനം ചെയ്യുക.
9. കാർഷിക നേഴ്സറി, പോൾട്രിഫാം, ഡയറിഫാം, എന്നിവ സംയോജിതസംരംഭമായി ആരംഭിക്കുക.
10. ശുദ്ധജല മത്സ്യക്കൃഷി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.
11. പ്രകൃതി വിഭവസംരക്ഷണം, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങളുടെ ലഘൂകരണം, കാർഷിക മേഖലയിലെ ഗുണഭോക്തൃവരുമാനം ഇരട്ടിപ്പിക്കൽ എന്നിവ ലക്ഷ്യം വെച്ച് നീർത്തടാധിഷ്ഠിത വികസനപദ്ധതികൾ നടപ്പിലാക്കുക.

**സേവന മേഖല : -**

പ്രാദേശിക സാമ്പത്തിക വികസനത്തിലൂന്നിയ ദാരിദ്ര്യനിർമ്മാർജ്ജനവും പാർപ്പിട, കുടിവെള്ള മേഖലകളിൽ സ്വാശ്രയത്വവും കൈവരിക്കുക. തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും ഗുണനിലവാരം ISO നിലവാരത്തിലേക്ക് ഉയർത്തുകയും ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ മികച്ച ഗുണനിലവാരത്തിൽ സമയബന്ധിതമായി ലഭ്യമാക്കുക. അർഹരായ മുഴുവൻ ആളുകൾക്കും വാതിൽപ്പടി സേവനം ഉറപ്പാക്കുക. എല്ലാ വാർഡുകളിലും സേവന ഉപകേന്ദ്രങ്ങൾ (സേവാഗ്രാം) വഴി വിവരവിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സേവനങ്ങൾ പ്രദേശികമായി കൈയ്യെത്തും ദൂരത്ത് ലഭ്യമാക്കുക.

**തന്ത്രങ്ങൾ :-**

1. 2030 ഓടുകൂടി എല്ലാ വീടുകൾക്കും ശുദ്ധീകരിച്ച കുടിവെള്ളം കുഴൽ വഴി എത്തിക്കുന്നതിന് ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുക.
2. കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ദീർഘിപ്പിക്കുകയും ചെറുകിട കുടിവെശ്ല പദ്ധതികൾ നടപ്പിലാക്കിയും

കുടിവെള്ളമെത്തിക്കുക.

3. വിവിധ ശുചിത്വ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ 2027 ആകുമ്പോഴേക്കും സമ്പൂർണ്ണ ശുചിത്വ സുന്ദര പഞ്ചായത്തായി പ്രഖ്യാപിക്കുക.
4. ആധുനിക സൗകര്യങ്ങളോടുകൂടിയ ശ്മശാനം നിർമ്മിക്കുക.
5. മിഷൻ പ്രവർത്തനം വിപുലപ്പെടുത്തി സമ്പൂർണ്ണ പാർപ്പിട പഞ്ചായത്ത് പദവി നേടുക.
6. മോണിറ്ററിംഗ്, സോഷ്യൽ ഓഡിറ്റ് എന്നിവ കാര്യക്ഷമമാക്കി സേവന ഗുണമേന്മ വർദ്ധിപ്പിക്കുക. സീറോ പെന്റിങ് ഫയൽ പഞ്ചായത്ത് പദവി കൈവരിക്കുക.
7. എന്റെ തൊഴിൽ എന്റെ അഭിമാനം പദ്ധതിയിൽ ഉൾപ്പെടുത്തി വിപുലമായ തൊഴിൽ സാധ്യത ഉറപ്പുവരുത്തൽ.

**പശ്ചാത്തല മേഖല : -**

കൃഷി, ടൂറിസം, വ്യവസായം, ഊർജ്ജം, ഗതാഗതം, കായികം, തുടങ്ങിയ മേഖലകളുടെ വികസനം, ഘടക സ്ഥാപനങ്ങൾക്കും തദ്ദേശസ്വയം ഭരണസ്ഥാപനത്തിനും മെച്ചപ്പെട്ട കെട്ടിടങ്ങൾ, പ്രകൃതിവിഭവസംരക്ഷണം, ദുരന്തലഘൂകരണം, എന്നിവ സാധ്യമാക്കി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക.

**തന്ത്രങ്ങൾ :-**

1. അപകടരഹിതവും ഗുണമേന്മയുള്ളതും കാൽനടയാത്ര സൗഹൃദവും ശുചിത്വ പൂർണ്ണവും സുന്ദരവും പ്രകൃതിസൗഹൃദവുമായ ഗതാഗത സൗകര്യങ്ങൾ ഒരുക്കുക.
2. പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, FHC, ആയുർവ്വേദ ഹോമിയോ ഡിസ്പെൻസറികൾ, മൃഗാശുപത്രി, സാംസ്കാരികനിലയങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ്, ഓഡിറ്റോറിയം, അംഗനവാടികൾ തുടങ്ങി തദ്ദേശസ്വയം ഭരണസ്ഥാപനം, ഘടകസ്ഥാപനങ്ങൾ, എന്നിവയ്ക്ക് മികച്ച കെട്ടിടങ്ങൾ.
3. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.
4. വിവിധ പ്രദേശിക ഉല്പന്നങ്ങൾക്ക് വിപണന കേന്ദ്രം സ്ഥാപിക്കുക.
5. പഞ്ചായത്തിൽ ഒരു സ്റ്റേഡിയവും വാർഡുകളിൽ കളിസ്ഥലവും നിർമ്മിക്കുക.
6. പഞ്ചായത്തിൽ വിപുലമായ സംവിധാനങ്ങളോടെ ദുരന്തനിവാരണകേന്ദ്രവും സേനയും.
7 . വിവിധ മേഖലകളിലെ (കൃഷി, തൊഴിലുറപ്പ്, കുടുംബശ്രീ,ടൂറിസം,ജൈവവൈവിധ്യപരിപാലനം) പ്രവർത്തനം സംയോജിപ്പിച്ച് പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം.

## അദ്ധ്യായം -4

# പ്രകൃതിദുരന്തവും അതിജീവനവും

കാലാവസ്ഥാ വ്യതിയാനം വലിയ പ്രതിസന്ധികളാണ് കേരളത്തിന് സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. രണ്ട് പ്രളയങ്ങളും ഓഖി ചുഴലിക്കാറ്റും 2020 ൽ ലോക ജനതയെ ആകെ ദുരിതത്തിലാക്കിയ കോവിഡ് മഹാമാരി നമ്മുടെ നാടിനെയും സാരമായി ബാധിച്ചു. എന്നാൽ ഈ പ്രളയത്തിന്റെയും ചുഴലിക്കാറ്റിന്റെയും മഹാമാരിയുടെയും നാളുകളിൽ തന്നെയാണ് കേരള ജനതയുടെ ഔന്നത്യം നമ്മൾ കണ്ടതും. എല്ലാ പ്രതിസന്ധിയിലും ഒരുമിച്ച് നിന്ന് അതിജീവനത്തിന്റെ പാത തെളിയിക്കാൻ കേരളത്തിന് കഴിഞ്ഞു.

നമ്മുടെ പഞ്ചായത്തിലും പ്രളയങ്ങൾ വലിയ ദുരിതം കൊണ്ടുവന്നു. 2018,2019 എന്നീ വർഷങ്ങളിൽ ഉണ്ടായ പ്രളയം ഗ്രാമപഞ്ചായത്തിലെ ചല്ലിവയൽ, വൈക്കിലശ്ശേരി റോഡ്, മേമുണ്ട മഠം എന്നീ പ്രദേശങ്ങളിൽ വലിയതോതിൽ അനുഭവപ്പെട്ടിട്ടുണ്ട്. കൃഷിയിടങ്ങളിലും വീടുകളിലും വെള്ളം കയറി വലിയ നാശനഷ്ടങ്ങളാണ് ഉണ്ടാക്കിയത്. തോടുകളും ഉപതോടുകളും നികന്നുപോയതും ശേഷിക്കുന്നവ കയ്യേറിയതും വെള്ളപ്പൊക്കദുരിതം രൂക്ഷമാക്കി. പല കുടുംബങ്ങളേയും മാറ്റി പാർപ്പിക്കേണ്ടിവന്നു. പഞ്ചായത്തിലെ പല റോഡുകളും ഫുട്പാത്തുകളും വെള്ളപ്പൊക്കത്തിൽ തകർന്നുപോയിട്ടുണ്ട്. 2019 ൽ 22 വീടുകൾ ഭാഗികമായി തകർന്നു. 2018 ൽ 6.47 കിലോമീറ്റർ റോഡ് തകർന്നു. ഇൻഷൂർ ചെയ്യപ്പെട്ട 4 ഹെക്ടർ കൃഷിയിടവും ഇൻഷൂർ ചെയ്യപ്പെടാത്ത 36 ഹെക്ടർ കൃഷിയിടവും നാശം നേരിട്ടു. 2019 ൽ ഇത് യഥാക്രമം 6 ഹെക്ടറും 4 ഹെക്ടറുമാണ്.

ഈ ദുരന്തങ്ങളെ നേരിടുന്നതിൽ കുറ്റമറ്റ രീതിയിൽ ഇടപെടാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും സന്നദ്ധസംഘടനകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള പിന്തുണ എടുത്തുപറയത്തക്കതാണ്. ദുരന്തമേഖലകളിൽ നിന്നും മാറ്റി താമസിപ്പിക്കുന്നതിനും അവർക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങളും ഭക്ഷണവും ഒരുക്കുന്നതിനും കൃത്യമായ ഇടപെടൽ ഉണ്ടായിട്ടുണ്ട്. നാശനഷ്ടം നേരിട്ടവർക്ക് നഷ്ടപരിഹാരം നേടിയെടുക്കുന്നതിനും സാധിച്ചു.

കോവിഡ് മഹാമാരിക്കാലത്ത് സമാനതയില്ലാത്ത ഇടപെടലുകളാണ് പഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ളത്. കോറന്റൈനിലായവർക്ക് ഭക്ഷണം എത്തിച്ചുനൽകി. പൊതു അടുക്കള സ്ഥാപിച്ച് അന്യസംസ്ഥാന തൊഴിലാളികൾക്ക് ഉൾപ്പെടെ ഭക്ഷണം നൽകി. FHC യുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ Covid Test ന് സൗകര്യം ഒരുക്കി. എല്ലാ ജനങ്ങൾക്കും വാക്സിനേഷൻ ഉറപ്പുവരുത്തി.ജനങ്ങൾക്ക് ബുദ്ധിമുട്ട് വരാതിരിക്കാൻ ഇക്കാര്യത്തിൽ ശാസ്ത്രീയമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും അവ ജനങ്ങളുമായി വിനിമയം ചെയ്യുകയും ചെയ്തു. അരകുളങ്ങര വനിതാ ഹോസ്റ്റലിനായി പണിത കെട്ടിടത്തിൽ ഡൊമിസിലറി കെയർ സെന്റർ ആരംഭിക്കുകയും ആവശ്യമായവർക്കെല്ലാം എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തി. മേമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ കോവിഡ് കെയർ സെന്റർ ഒരുക്കി. പഞ്ചായത്തിലെ എടുത്തുപറയത്തക്ക നേട്ടമാണ് ആശാവർക്കർമാരുടെയും RRT വളണ്ടിയർമാരുടെയും സേവനം കോവിഡ്

രോഗികൾക്ക് പരിചരണം നൽകുന്നതിലും വീടുകളിൽ സേവനം എത്തിക്കുന്നതിലും ഇവർ ചെയ്ത സേവനം അഭിനന്ദനാർഹമാണ്.

ജില്ലയിലെ തന്നെ മികച്ച ദുന്തരനിവാരണ പദ്ധതിയെന്ന് കലക്ടർ എടുത്തുപഭക്ഷണം നൽകി. FHC യുടെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ Covid Test ന് സൗകര്യം ഒരുക്കി. എല്ലാ ജനങ്ങൾക്കും വാക്സിനേഷൻ ഉറപ്പുവരുത്തി.ജനങ്ങൾക്ക് ബുദ്ധിമുട്ട് വരാതിരിക്കാൻ ഇക്കാര്യത്തിൽ ശാസ്ത്രീയമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും അവ ജനങ്ങളുമായി വിനിമയം ചെയ്യുകയും ചെയ്തു. അരകുളങ്ങര വനിതാ ഹോസ്റ്റലിനായി പണിത കെട്ടിടത്തിൽ ഡൊമിസിലറി കെയർ സെന്റർ ആരംഭിക്കുകയും ആവശ്യമായവർക്കെല്ലാം എല്ലാ വിധ സൗകര്യങ്ങളും ഏർപ്പെടുത്തി. മേമുണ്ട ഹയർസെക്കണ്ടറി സ്കൂളിൽ കോവിഡ് കെയർ സെന്റർ ഒരുക്കി. പഞ്ചായത്തിലെ എടുത്തുപറയത്തക്ക നേട്ടമാണ് ആശാ വർക്കർമാരുടെയും RRT വളണ്ടിയർമാരുടെയും സേവനം കോവിഡ് രോഗികൾക്ക് പരിചരണം നൽകുന്നതിലും വീടുകളിൽ സേവനം എത്തിക്കുന്നതിലും ഇവർ ചെയ്ത സേവനം അഭിനന്ദനാർഹമാണ്.

ഉദ്യോഗസ്ഥതലത്തിലും ഭരണതലത്തിലും വന്ന മാറ്റങ്ങൾ സന്നദ്ധ സംഘടനകളുടെയും പ്രവർത്തകരുടെയും വിവരങ്ങൾ ഭൂവിനിയോഗത്തിൽ ഉണ്ടായ മാറ്റം കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ, ജൈവവൈവിധ്യം നേരിടുന്ന വെല്ലുവിളികൾ, ഗ്രാമപഞ്ചായത്തിന്റെയും മറ്റു ഭരണസംവിധാനങ്ങളുടെയും വികസന പ്രവർത്തനങ്ങളുടെയും ഭാഗമായുണ്ടായ പുരോഗതി എന്നിവ പരിഗണിച്ച് ദുരന്തനിവാരണ പദ്ധതി പരിഷ്ക്കരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതുണ്ട്.

**പ്രധാന നിഗമനങ്ങളും നിർദ്ദേശങ്ങളും:-**

സേവന സന്നദ്ധതയുള്ള പൊതുപ്രവർത്തകർ, ജനങ്ങളുടെ സേവന സന്നദ്ധത, വെള്ളപ്പൊക്ക സാധ്യതയുള്ള വലിയ ജലാശയങ്ങളുടെ (പുഴ, കടൽ) അസാന്നിധ്യം, പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്ന റോഡ്, നെറ്റ് വർക്ക്, ഉദ്യോഗസ്ഥ ഏകോപനം ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കാര്യക്ഷമത, മതനിരപേക്ഷ സമൂഹം എന്നിവ ദുരന്ത നിവാരണ മേഖലയിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ശക്തി ശ്രോതസ്സുകളാണ്.

**കഴിഞ്ഞ ഒരു വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ട് ജനസമക്ഷം ഞങ്ങൾ അവതരിപ്പിക്കുകയാണ്.**

## I. ഉല്പാദനമേഖല

### a) <u>കൃഷി</u>

കാർഷികരംഗത്ത് വൻ മുന്നേറ്റമാണ് നമുക്ക് കൈവരിക്കാനായത് തേങ്ങയുടെ ഉല്പാദനം വർദ്ധിപ്പിച്ച് ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി 518 കുടുംബശ്രീകൾക്ക് ജൈവവളം വിതരണം ചെയ്ത ഇനത്തിൽ 24200 രൂപയുടെ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 9,68,000 രൂപ ചെലവഴിക്കാനായി. വാഴക്കൃഷി പ്രോത്സാഹനത്തിനായി 1,36,350 രൂപയുടെ നേന്ത്രവാഴക്കന്ന് വിതരണം ചെയ്തതുവഴി 505 കുടുംബങ്ങൾക്ക് സഹായം ലഭിച്ചു. ഇടവിളക്കൃഷി പ്രോത്സാഹനത്തിനായി 690 കുടുംബങ്ങൾക്ക് 2,76,000 രൂപയുടെ ആനുകൂല്യം നൽകി. പച്ചക്കറിയുടെ സ്വയം പര്യാപ്തത ലക്ഷ്യമാക്കി വിവിധ പദ്ധതികളാണ് നാം നടപ്പിലാക്കിയത്. സുഭിക്ഷം- പച്ചക്കറി വിത്തും വളവും ജൈവ പച്ചക്കറി പ്രോത്സാഹനം, മട്ടുപ്പാവ് കൃഷി, എന്നിവയ്ക്ക് 4,65,032 രൂപയും തരിശ് രഹിത ഭൂമിയൊരുക്കാൻ 26,625 രൂപയും ചെലവഴിച്ചു.

കൂട്ടുകൃഷി ചെലവ് നൽകിയ ഇനത്തിൽ 11880 രൂപയും കരനെൽകൃഷി പ്രോത്സാഹനത്തിന് 11640 രൂപയും ചെലവഴിച്ചു. പഞ്ചായത്തിലെ ഓരോ വാർഡും ഹരിതസമൃദ്ധം വാർഡായി മാറ്റാനുള്ള ശ്രമത്തിലാണ് നാം. ഈ വർഷം ഏഴാം വാർഡിനെയാണ് തെരെഞ്ഞെടുത്തത്. ഈ ഇനത്തിൽ 1,33,250 രൂപ ചെലവഴിക്കുകയുണ്ടായി. കുരുമുളക് കൃഷി പ്രോത്സാഹനത്തിനായി 469 കുടുംബങ്ങൾക്ക് മൂന്ന് വീതം കുറ്റികുരുമുളക് വിതരണം ചെയ്യുകയും ഇതിനായി 1,59,900 രൂപ ചെലവഴിക്കുകയും ചെയ്ത്. 99 കുടുംബങ്ങൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്ത വകയിൽ 39,600 രൂപ നാം ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ നൂറുക്കണക്കിന് വീടുകളിൽ പച്ചക്കറിത്തൈകൾ, വിത്തുകൾ, ഫലവൃക്ഷങ്ങൾ, നേന്തവാഴക്കന്നുകൾ  തുടങ്ങിയവ കേരള സർക്കാർ പദ്ധതികൾ വഴിയും കർഷകരിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക രംഗത്തെ ഈ ഇടപെടൽ ശ്രദ്ധേയമായ മുന്നേറ്റത്തിന് വഴി തെളിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാറിന്റെ കൃഷി വകുപ്പിന്റെ പദ്ധതിയായ “കേരഗ്രാമം” 8 വാർഡുകൾ (1,2,3,5,16,17,18,19) ഉൾപ്പെട്ട പ്രദേശത്ത് 100 ഹെക്ടറിൽ നാളീകേര വികസന പദ്ധതി നടപ്പിലാക്കി. തെങ്ങിന് വളവും, പ്രായം ചെന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം തൈവെച്ചും, തെങ്ങ് കയറ്റ യന്ത്രവിതരണം, തെങ്ങുകളുടെ രോഗബാധ നിയന്ത്രണം, ഇടവിള കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി 40,00,000 രൂപയുടെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 22,41,750 രൂപ ചെലവഴിച്ച് കൃഷി വകുപ്പ് നടപ്പിലാക്കുന്ന BPKP ഭാരതീയ പ്രകൃതി കൃഷി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ കഴിഞ്ഞ സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്.

1. തെങ്ങിന് ജൈവവളം പദ്ധതി
2. മട്ടുപാവ് കൃഷി
3. ഞങ്ങളും കൃഷിയിലേക്ക് ഇടവിള
4. അമരവിത്ത് വിതരണം (എല്ലാ വീടുകളിലും)
5. ഫലവൃക്ഷത്തൈ വിതരണം

## b) <u>മൃഗസംരക്ഷണം</u> (ഉല്പ്പാദന മേഖല)

മൃഗസംരക്ഷണ മേഖലയിലും വലിയ മുന്നേറ്റം ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് 1765 കോഴിക്കുഞ്ഞുങ്ങളെയാണ് നാം വിതരണം ചെയ്തത്. കുട്ടികളിലും സ്ത്രീകളിലും റിപ്പോർട്ട് ചെയ്യപ്പെട്ട വിളർച്ചാ രോഗം, പോഷകക്കുറവ്, എന്നിവ പരിഹരിക്കാൻ വേണ്ടിയുള്ള ബോധപൂർവ്വമായ ഇടപെടലായിരുന്നു ഇത്. കറവപ്പശുക്കൾ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ മുൻവർഷങ്ങളിൽ പ്രോജക്ട് വെച്ചെങ്കിലും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഈ വിടവ് പരിഹരിക്കാൻ ഈ വർഷം ബാങ്ക് ലോണുമായി ലിങ്ക് ചെയ്ത് സബ്സിഡി ലഭ്യമാക്കിയപ്പോൾ 10 വനിതകൾക്ക് കറവപ്പശു വിതരണം ചെയ്യാൻ കഴിഞ്ഞു. കുന്നകുട്ടി പരിപാലനത്തിന് 50 കുടുംബങ്ങൾക്ക് ആനുകൂല്യമെത്തി ക്കാൻ കഴിഞ്ഞു. 10 കുടുംബങ്ങൾക്ക് പോത്തുകുട്ടികളെ വിതരണം ചെയ്തു കുടുംബങ്ങളുടെ വരുമാനമുയർത്താനുള്ള പദ്ധതിയും നടപ്പിലാക്കി. മൃഗ ചികിത്സയ്ക്ക് 2 ലക്ഷം രൂപയുടെ മരുന്നാണ് വെറ്റിനറി ഡിസ്പെൻസറി മുഖേന വിതരണം ചെയ്തത്. പാലിന് സബ്സിഡി നൽകുന്ന പദ്ധതി വഴി 600 കുടുംബങ്ങൾക്ക് 5,09,001 രൂപയും കാലിത്തീറ്റ സബ്സിഡി ഇനത്തിൽ 450 കുടുംബങ്ങൾക്ക് 9,28,302 രൂപയും നൽകി. പാലിന്റെയും മുട്ടയുടെയും കാര്യത്തിൽ സ്വയം പര്യാപ്തതയിലേക്ക് എന്ന സ്വപ്നം സാക്ഷാത്കരിക്കാനുള്ള തീവ്ര പരിശ്രമിത്തിലാണ് നാം.

നിലവിൽ ക്ഷീരസഹകരണമേഖലയിൽ 4 സൊസൈറ്റികൾ ഉണ്ട്. 4 സൊസൈറ്റികളിലും കൂടി 220 ക്ഷീരകർഷകർ ഉണ്ട്. 72 ഏക്കറിൽ തീറ്റപുൽ കൃഷി നടത്തിവരുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ ഒരു വെറ്ററിനറി ഹോസ്പിറ്റലും ഉണ്ട്.

**<u>നടപ്പിലാക്കിയ പദ്ധതികൾ:-</u>**

1. കന്നുകുട്ടി പരിപാലനം
2. അടുക്കള മുറ്റത്തെ കോഴി വളർത്തൽ
3. മരുന്നു വാങ്ങൽ
4. പശു വിതരണം
5. ആട് വിതരണം
6. പോത്ത് വിതരണം
7. മുട്ടക്കോഴി വിതരണം
8. പാലിന് ഇൻസെന്റീവ്
9. കാലിത്തീറ്റ വിതരണം
10. എ.ബി.സി.പ്രോഗ്രാം
11. മുട്ടഗ്രാമം പദ്ധതി

**ജനകീയ ഹോട്ടൽ**

കീഴൽമുക്ക് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജനകീയ ഹോട്ടൽ പ്രതിസന്ധി കാലത്ത് മികച്ച സേവനമാണ് നടത്തിയത്. ഈയടുത്ത് ഇതിന്റെ വിപുലീകരണം നടന്നു. ജനകീയ ഹോട്ടലിന്റെ അടിസ്ഥാനസൗകര്യ വികസനം വാടക, കറന്റ് ചാർജ്ജ്, തുടങ്ങിയ ചെലവുകൾക്ക് 2,14,775 രൂപ ചെലവഴിച്ചു. ഇതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരുന്നു.

C) **പ്രദേശിക സാമ്പത്തിക വികസനം (ഉല്പ്പാദന മേഖല)**

364 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഉണ്ട്. 5635 ആകെ കുടുംബശ്രീ അംഗങ്ങൾ ഉണ്ട്. JLG ഗ്രൂപ്പുകൾ 24 ഉം കുടുംബശ്രീ തൊഴിൽ ഗ്രൂപ്പും 40 ഉം പാട്ടകൃഷി 30 ഉം ഉണ്ട്. ജനറൽ തൊഴിൽ ഗ്രൂപ്പ് 6 ഉം ഉണ്ട്.

**ഏറ്റെടുത്ത പ്രൊജ്കടുകൾ:-**

1. സംരംഭ പ്രോത്സാഹനം
2. സ്വയം തൊഴിൽ യൂണിറ്റുകൾ
3. ചവിട്ടി നിർമ്മാണ യൂനിറ്റ്
4. സമൂഹ അടുക്കള സംരംഭക യൂണിറ്റ്
5. വനിതകൾക്ക് ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങൽ
6. വനിതകൾക്ക് വ്യവസായ സംരംഭ കെട്ടിടം
7. 2022–23 ൽ 136 യൂനിറ്റ്, 2023 –24 ലക്ഷ്യം 104 സംരംഭങ്ങൾ 78 യൂനിറ്റ് തുടങ്ങി.

# സേവന മേഖല

## ദാരിദ്ര്യ ലഘൂകരണം

### ഏറ്റെടുത്ത പ്രൊജക്ടുകൾ:-

1. വീട് വാസയോഗ്യമാക്കൽ
2. വീട് മേൽക്കൂര മാറ്റൽ
3. ലൈഫ് പദ്ധതി
4. കക്കൂസ് നിർമ്മാണം
5. റിട്രോ ഫിറ്റിംഗ്
6. പി.എം.എ.വൈ. പദ്ധതിയ്ക്ക് വിഹിതം നൽകൽ
7. അതിദാരിദ്ര്യ മൈക്രോ പ്ലാൻ - വിദ്യാഭ്യാസം, വീട് വാസയോഗ്യമാക്കൽ, വീട് , നിർമ്മാണം, ചികിത്സ, അടിസ്ഥാന സൗകര്യം, തൊഴിൽ
8. ലൈഫ് - ഭൂരിഹിത ഭവന രഹിതർ
9. ആശ്രയ പദ്ധതി

## d) വിദ്യാഭ്യാസം

സർക്കാർ വിദ്യാലയങ്ങൾ ഒന്നും തന്നെയില്ലാത്ത പഞ്ചായത്താണ് നമ്മുടേത്. എയ്ഡഡ്, സ്വകാര്യമേഖലയിലാണ് എല്ലാ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നത്. എങ്കിലും വിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നമുക്ക് നടത്താൻ ആയിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ എൽ.പി., യു.പി. സ്കൂളുകളിൽ നിന്നും ഉള്ള പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 50,000 രൂപ ചെലവഴിച്ച് എൽ.എസ്.എസ്. യു.എസ്.എസ്. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് പരിശീലനത്തിനുള്ള സംവിധാനം ഒരുക്കി. അതുപോലെ മാതൃകാപരീക്ഷയ്ക്കുള്ള സംവിധാനങ്ങളും ചെയ്തു. എസ്.എസ്.എ. വിഹിതമായി 6,50,000 രൂപ നൽകി. സാംസ്കാരിക നിലയം ലൈബ്രറിക്ക് ഫർണിച്ചർ വാങ്ങാൻ 19,400 രൂപ ചെലവഴിച്ചു.

കോവിഡ് പശ്ചാത്തലത്തിൽ സ്കൂൾ അടച്ച് വീട്ടകങ്ങളിൽ ഒറ്റപ്പെട്ടുപോയ കുട്ടികളുടെ മാനസികവും ശാരീരികവും ബൗദ്ധികവുമായ ഉണർവ്വിന് 'സഹപാഠി' എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി. നടപ്പിലാക്കി. ഈ പദ്ധതി ബഹു. പൊതുമാരമത്ത് ടൂറിസം വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്തു. എല്ലാ വാർഡുകളിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കുകയും കുട്ടികൾക്കാവശ്യമായ സൗകര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്തു. മാസ്റ്റർ ട്രെയിനർമാർ, ട്രെയിനാർമാർ എന്നിവരെ കണ്ടെത്തി പരിശീലനം നൽകുകയും ചെയ്തു. പ്രശസ്ത നാടക പ്രവർത്തകൻ മനോജ് നാരായണന്റെ നേതൃത്വത്തിൽ വാർഡുകൾതോറും ഓൺലൈൻ നാടക പരിശീലനം സംഘടിപ്പിക്കുകയും ചെയ്തു. കുട്ടികളിലെ പഠന വിടവ് നികത്തുന്നതിന് സഹായിക്കാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുന്നതിന് ഈ പദ്ധതി സഹായിച്ചു. ലോകനാർകാവിൽ പകൽ വീടിനായി എട്ടുലക്ഷം രൂപ വകയിരുത്തുകയും ഇതിനോടകം രണ്ടുലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

## II. സേവനമേഖല

### e) ആരോഗ്യം:-

ആയിരങ്ങൾക്ക് താങ്ങും തണലുമുമാകൻ നമ്മുടെ ആരോഗ്യ സംവിധാനങ്ങൾക്കായി. കോവിഡ് പ്രതിരോധത്തിന് ഒന്നാം ഘട്ടം നാലരലക്ഷം രൂപയും രണ്ടാം ഘട്ടം 5 ലക്ഷം രൂപയും ചെലവഴിച്ചു. ഫലപ്രദമായ ഇടപെടലിലൂടെ 95 % ജനങ്ങൾക്കും വാക്സിനേഷൻ ലഭ്യമാക്കി. കോവിഡ് ബാധിതരെ താമസിപ്പിക്കാനും സംരക്ഷിക്കാനും അരകുളങ്ങരയിൽ ഡി.സി.സി. സംവിധാനം ഒരുക്കി. കോവിഡ് പ്രവർത്തനങ്ങൾക്കായി മുഴുവൻ സമയ വാഹന സംവിധാനം ഒരുക്കി. എഫ്.എച്ച്.സി.ക്കും പുറമെ മേമുണ്ട, കുട്ടോത്ത് തുടങ്ങിയ സ്ഥലങ്ങളിൽ വാക്സിനേഷൻ ക്യാമ്പുകൾ തയ്യാറാക്കി. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ കോവിഡ് ടെസ്റ്റ് സൗകര്യം ഒരുക്കി. രോഗം കൊണ്ടും ക്വാറന്റൈനിൽ ഇരിക്കേണ്ടവർക്കും സഹായവുമായി ആശ, ആർ.ആർ.ടി. വളണ്ടിയർമാരുടെ സേവനം മികച്ച രീതിയിൽ ഒരുക്കാൻ നമുക്ക് സാധിച്ചു. രോഗികൾക്കും അതിഥി തൊഴിലാളികൾക്കും ഭക്ഷണമെത്തിക്കാനുള്ള സംവിധാനവും നല്ല രീതിയിൽ പ്രവർത്തിച്ചു. മറ്റ് രോഗങ്ങളുടെ പ്രതിരോധത്തിനായി 2 ലക്ഷം രൂപ ചെലവഴിച്ചു. മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങളും ഫലപ്രദമാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി എഫ്.എച്ച്.സി. യിൽ വൈകുന്നേരം വരെ ഒ.പി. സൗകര്യം ഏർപ്പെടുത്തി. എഫ്.എച്ച്.സി. യുടെ പ്രവർത്തനം ഇനിയും കൂടുതൽ വ്യാപിപ്പിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സഹായകരമായ മികച്ച കെട്ടിടം പണി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. സ്നേഹസ്പർശത്തിന് 3 ലക്ഷം രൂപ നൽകി.

ആരോഗ്യരംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ശ്രദ്ധേയമാണ്. ആയുർവ്വേദ ഡിസ്പെൻസറിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. 5 ലക്ഷം രൂപയുടെ ആയുർവ്വേദ മരുന്നുകളാണ് നാം വാങ്ങിയത്. 16,113 രോഗികൾക്ക് ആയുർവ്വേദ മേഖലയിൽ മാത്രം ചികിത്സയും മരുന്നും നൽകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

മേമുണ്ടയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറി വഴിയും വലിയ സേവനങ്ങൾ നൽകാൻ സാധിച്ചു. 1,50,000 രൂപ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനും 36,900 രൂപ എക്സാമിനേഷൻ ടേബിൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഇവിടെ ചെലവഴിച്ചു. കോവിഡ് പ്രതിരോധത്തിനുള്ള മരുന്ന് ഫലപ്രദമായി വിതരണം ചെയ്യുന്നതിനും ഹോമിയോ ഡിസ്പെൻസറി മികച്ച പ്രവർത്തനം കാഴ്ച വെച്ചു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ മോഡേൺ മെഡിസിനിൽ മികച്ച സേവനം പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും എത്തിക്കുന്നതിന് നമുക്ക് സാധിച്ചു. പഞ്ചായത്തിന്റെ ഫാമിലി ഹെൽത്ത് സെന്ററായ കെ.ബി.മേനോൻ മെമ്മോറിയൽ ഹോസ്പിറ്റൽ നേതൃത്വത്തിൽ ആരോഗ്യരംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാൻ പര്യാപ്തമായ പദ്ധതികളും പരിപാടികളുമാണ് നാം നടപ്പിലാക്കിയത്. കോവിഡ് മഹാമാരിയിൽ പെട്ടുപോയ ഡൊമിസെൽ കെയർ സെന്റർ പ്രവർത്തനങ്ങൾക്കായി 2,01,000 രൂപ ചെലവഴിച്ചു. മികച്ച രീതിയിൽ പാലിയേറ്റീവ് പ്രവർത്തനം തുടർന്നു പോകുന്നു. ഇതിനായി 6 ലക്ഷം രൂപയാണ് നാം ചെലവാക്കിയത്. എഫ്.എച്ച്.സിയുടെ സുഗമമായ പ്രവർത്തനത്തിന് അധിക ജീവനക്കാരെ നിയമിക്കുകയും അവർക്ക് വേതനമായി 12,25000 രൂപ നൽകുകയും ചെയ്തു. കീഴൽ സബ്ബ് സെന്ററിന് വൈദ്യുതീകരണത്തിനായി

1,10,000 രൂപ അനുവദിച്ചു. 90,267 രൂപ പ്രവർത്തനത്തിനായി ചെലവഴിച്ചു. മേമുണ്ട ഹെൽത്ത് സബ്ബ്സെന്ററിന് 15,00,000, കൊളത്തൂർ സബ്ബ് സെന്റർ നവീകരണം 7,00,000/- ഇങ്ങനെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. എഫ്.എച്ച്.സി.യ്ക്ക് ജീവൻ രക്ഷാ മരുന്നുകൾ വാങ്ങുന്നതിനായി 6,99,684 രൂപ ചെലവഴിച്ചു. ഇവിടെ കമ്പ്യൂട്ടർ വാങ്ങുന്നതിനായി 98,900 രൂപയും ചെലവാക്കിയിട്ടുണ്ട്.

### f) സാമൂഹ്യനീതി

പട്ടികജാതി കുടുംബങ്ങളുടെ പരിമിതി പരിഹരിക്കാൻ നല്ല ശ്രമവും നമുക്ക് നടത്താൻ കഴിഞ്ഞു. ഈ വിഭാഗം കുടുംബങ്ങളിലെ എൽ.പി, യു.പി, ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി 10 മേശയും കസേരയും നൽകുക വഴി 47,991 രൂപ ചെലവഴിച്ചു. പട്ടികജാതി കുടുംബങ്ങളിലെ ബിരുദ ബിരുദാനന്തരം വിദ്യാർത്ഥികളായ നാലുപേർക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. ഈ വകയിൽ 1,63,191 രൂപ ചെലവഴിച്ചു. 12 കുടുംബങ്ങൾക്ക് 35868 രൂപ ചെലവിൽ പി.വി.സി. ജലസംഭരണിയും വിതരണം ചെയ്യുകയുണ്ടായി. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള മെറിറ്റോറിയസ് സ്കോളർഷിപ്പ് ഇനത്തിൽ 1,80,000 രൂപ വിതരണം ചെയ്തു. പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായമായി ഒരു കുട്ടിക്ക് 75,000 രൂപ നൽകി. സർക്കാർ നിബന്ധനകൾക്ക് വിധേയമായി ഈ മേഖലയിലെ പരമാവധി വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനായി പട്ടികജാതി ഗ്രാമസഭ സംഘടിപ്പിച്ചതും ശ്രദ്ധേയമായി.

**ഏറ്റെടുത്ത പ്രൊജ്കടുകൾ:-**

1. ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്
2. ബെഡ്സ് സ്കൂൾ ജീവനക്കാർക്ക് വേതന, വാഹന, ചെലവ്
3. ബഡ്സ് സ്കൂൾ ജീവനക്കാർക്ക് വേതന, വാഹനം ചെലവ്
4. LP/UP വിദ്യാർത്ഥികൾക്ക് മേശ, കസേര
5. മെറിറ്റോറിയൽ സ്കോളർഷിപ്പ്
6. ജനകീയ ഹോട്ടലിന് ധനസഹായം
7. ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം
8. പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക്
9. പകൽ വീട്
10. പകൽ വീട് കെയർ ഗിവർ ഹോണറേറിയം

**പട്ടികജാതി വികസനം :-**

1. പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്
2. എൽ.പി./യു.പി.വിദ്യാർത്ഥികൾക്ക് മേശ/ കസേര

### g) ജെന്റർ വികസനവും കുട്ടികളുടെ വികസനവും

**ഏറ്റെടുത്ത പ്രൊജ്കടുകൾ:-**

1. ജെന്റർ റിസോഴ്സ് സെന്റർ
2. അംഗനവാടി പോഷകാഹാര വിതരണം
3. അംഗൻവാടി കെട്ടിടനിർമ്മണം
4. സ്മാർട്ട് അംഗനവാടികളുടെ നിർമ്മാണം
5. അംഗനവാടി കലോത്സവം

ത്രി ജി അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തിയാക്കി. അങ്കണവാടികളുടെ ആധുനികവൽക്കരണത്തിനായാി 5 ലക്ഷം രൂപ അനുവദിച്ചു.

h) **ശുചിത്വം:-**

കഴിഞ്ഞ സാമ്പത്തികവർഷം വീടുകളിലെ ജൈവമാലിന്യസംസ്കരണം- ഉറവിടത്തിൽ തന്നെ മാലിന്യസംസ്കാരണം നടത്തുന്നതിനായി റിംഗ് കംപോസ്റ്റ് വിതരണം ചെയ്തു. അപേക്ഷിച്ച മുഴുവൻ പേർക്കും നൽകാനായി എന്നത് വലിയ നേട്ടമാണ്. 1600 റിംഗ് കംപോസ്റ്റുകളാണ് നൽകിയത്. 39,22,500 രൂപ ഇതിനായി ചെലവഴിച്ചു.

ഹരിത കർമ്മ സേനയുടെ പ്രവർത്തനം കൃത്യമായി നടക്കുന്നു. ഇവർക്ക് ഉപകരണങ്ങൾ വാങ്ങാൻ 1,35,735 രൂപയും MCF ന് ഉപകരണങ്ങൾ വാങ്ങാൻ 72,600 രൂപയും MCF ൽ പ്ലാസ്റ്റിക്ക് എത്തിക്കുന്നതിന് വാഹനവാടകയിനത്തിൽ 2,00,000 രൂപയും ക്ലീൻ കേരളയ്ക്ക് തുക നൽകാൻ 4,50,000 രൂപയും ചെലവഴിച്ചു. MCF ൽ പ്ലാസ്റ്റിക് ബെയ്ലിംഗ് യൂനിററ് വാങ്ങി സ്ഥാപിക്കുന്നതിന് 4,98,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്.

വ്യക്തിഗത കക്കൂസ് നിർമ്മാണത്തിന് 2,31,000 രൂപ വകയിരുത്തി.

വീട് മേൽക്കൂര മാറ്റുന്നതിന് 20 പേർക്ക് 11,25,000 രൂപ വിനിയോഗിച്ചു. വീട് അറ്റകുറ്റപ്പണികൾക്കായി 27 പേർക്ക് 24,25,243 രൂപ വിതരണം ചെയ്തു. 8 പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമാക്കുന്നതിന് 5,35,334 രൂപ ചെലവഴിച്ചു.

**ഏറ്റെടുത്ത പ്രൊജ്കടുകൾ:-**

1. എം.സി.എഫ്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ
2. ഹരിതകർമ്മ സേന വിന്യാസം
3. ഹരിതകർമ്മസേന അടിസ്ഥാനകൗകര്യങ്ങൾ
4. MCF CC TV സ്ഥാപിക്കൽ
5. MCF യന്ത്രവത്കൃത പ്രവർത്തനങ്ങൾ
6. മാലിന്യ സംസ്കരണ സംവിധാനങ്ങൾ- റിംഗ് കമ്പോസ്റ്റിംഗ്, തുമ്പൂർകുഴി, കലക്ഷൻ അറ്റ് സ്കൂൾ, മിനി MCF (19 വാർഡ്)
7. വീടുകളിൽ സൂക്ക് പിറ്റ്, സംവിധാനം
8. വില്ല്യാപ്പള്ളി ടൗൺ ഡ്രെയ്നേജ് നിർമ്മാണം

j) **പൊതുമരാത്ത് വകുപ്പ്:-**

**ഏറ്റെടുത്ത പ്രൊജ്കടുകൾ:-**

1. മുൻ സാമ്പത്തിക വർഷത്തിൽ 93 റോഡുകൾ മെയിന്റനൻസ് നടത്തി
2. 76 റഡുകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം മെയിന്ററൻസ് നടത്തിയിടുണ്ട്.

4 24 റോഡുകൾ പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് നടന്നു വരുന്നുണ്ട്.

5. ജില്ലാ പഞ്ചായത്ത് 4 റോഡുകളും ബ്ലോക്ക് പഞ്ചായത്ത് 5 റോഡുകളും മെയിന്റനൻസ് നടത്തി.
6. ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.
7. 4 തോടുകൾ കഴിഞ്ഞ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ട്.
8. ഷോപ്പിംഗ് കോംപ്ലക്സ് പഴയത് പൊളിച്ചുമാറ്റുന്നുണ്ട്.
9. പയംകുറ്റിമല ഹരിത ടൂറിസം പദ്ധതി ഹരിത ടൂറിസം കേന്ദ്രമാക്കി സർക്കാർ ഏറ്റെടുത്തു.

# III പശ്ചാത്തല മേഖല

പശ്ചാത്തല മേഖലയിൽ വൻ മുന്നേറ്റമുണ്ടാക്കാനുള്ള പരിശ്രമത്തിലാണ് നാം. വിഭാവനം ചെയ്ത എല്ലാ പദ്ധതികളും സാമ്പത്തികവർഷം പൂർത്തിയായിട്ടില്ലെങ്കിലും ഇക്കാര്യത്തിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ നമുക്കായിട്ടുണ്ട്. ഇരുപത് റോഡുകളുടെ റീ ടാറിംഗ് പ്രവർത്തിയും രണ്ട് ഡ്രൈനേജും ഇക്കാലയളവിൽ പൂർത്തിയായി 83,30,059 രൂപയാണ് ഈ ആവശ്യത്തിനായി ചെലവഴിച്ചിട്ടുള്ളത്. ഇതിന് പുറമെ എൻജിനീയറിംഗ് മേഖലയിലെ ഉദ്യോഗസ്ഥരുടെ അഭാവം മൂലം ഉണ്ടായ പരിമിതികളാൽ സ്പിൽ ഓവർ ആയ പശ്ചാത്തല മേഖലയിലെ വികസനത്തിന് 2,94,14,734 രൂപ നടപ്പുവർഷത്തിൽ ചെലവഴിച്ചു വികസന മുന്നേറ്റം ഉണ്ടാക്കാനുള്ള തീവ്രമായ പരിശ്രമത്തിലാണ് നാം.

## നിലാവ്:-

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന നിലാവ് പദ്ധതിയുടെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ 1000 തെരുവുവിളക്കുകൾ ഈ വർഷം സ്ഥാപിച്ചുകഴിഞ്ഞു. ആവശ്യമായ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാൻ 25,00,000 രൂപയുടെ പ്രോജക്ട് നിർവ്വഹണഘട്ടത്തിലാണ്.

27 റോഡുകളിലായി പുതുതായി സ്ട്രീറ്റ് മെയിൻ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 17 കിലോമീറ്ററോളം ദൂരം

# പട്ടികജാതി വികസനം

## അവസ്ഥ റിപ്പോർട്ട്

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ആകെ 178 കുടുംബങ്ങളിലായി 668 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളാണുള്ളത്. ഇതിൽ വിവിധ സമുദായത്തിൽപ്പെട്ടവരുണ്ട്. ഇവരുടെ ഉന്നമനത്തിനായി വിവിധ വർഷങ്ങളിലായി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. 2021-22 വർഷം വരെയുള്ള കഴിഞ്ഞ വർഷത്തെ പദ്ധതി രൂപീകരണ സമയത്ത് റിപ്പോർട്ട് ചെയ്തതാണ്. 2022-23, 2023-24, വർഷങ്ങളിലേത് ഇതോടൊപ്പം പെർഫോർമ്മയായി സമർപ്പിക്കുന്നു. 2023-24 വർഷത്തിൽ പദ്ധതിക്കായ് 14 ലക്ഷത്തോളം രൂപ വകയിരുത്തി നടപ്പാക്കി വരുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെയും ഗ്രാമസഭകളുടെയും നിർദ്ദേശാനുസരം പദ്ധതികൾ രൂപപ്പെടുത്തി സമർപ്പിക്കുന്ന ഘട്ടം ആകുമ്പോൾ പല പദ്ധതികൾക്കും ഗുണഭോക്താൾ തയ്യാറായി വരാത്തത് നിർവ്വഹണത്തിൽ തടസ്സമാവുന്ന അവസ്ഥയുണ്ട്. ആയതിനാൽ പദ്ധതി രൂപീകരണത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ അനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

## 2024–2025 വർഷത്തേക്ക് വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിക്കുന്ന പദ്ധതികൾ

1. എസ്.സി. വിദ്യാർത്ഥികൾക്ക് പഠന മുറി
2. എസ്.സി.സ്കോളർഷിപ്പ്
3. എസ്.സി.ലാപ്ടോപ്പ്
4. എൽ.പി, യു.പി. വിദ്യാർത്ഥികൾക്ക് പഠനോപകരണം. - മേശ, കസേര
5. കിണർ റിപ്പേയർ
6. വീട് റിപ്പേയർ
7. വിവാഹ ധനസഹായം
8. കുഞ്ഞ്യേരി - താനക്കണ്ടി മുക്ക് റോഡ് ഗതാഗതയോഗ്യമാക്കൽ

## അദ്ധ്യായം – 5

# വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

### 2024–25 വർഷത്തിലെ പ്രതീക്ഷിത വിഭവ സ്രോതസ്സുകൾ

| | |
|---|---|
| **വികസന ഫണ്ട് പൊതുവിഭാഗം** | |
| സാധാരണ വിഹിതം | 220270000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് ബേസിസ് ഗ്രാന്റ് | 3850000 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് ടൈഡ് ഗ്രാന്റ് | 5775000 |
| ആകെ | 31654000 |
| പ്രത്യേക ഘടക പദ്ധതി | 1579600 |
| **മെയിന്റനൻസ് ഗ്രാന്റ്** | |
| മെയിന്റനനസ് ഗ്രാന്റ് (റോഡ്) | 16014000 |
| മെയിന്റനന്സ് ഗ്രാന്റ് (റോഡിതരം) | 5714000 |

| | |
|---|---|
| **നിർബന്ധിത വിലയിരുത്തലുകൾ** | |
| ഉൽപ്പാദന മേഖലയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | 5286480 |
| പാർപ്പിടമേഖലയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞ തുക | 47212000 |
| പാർപ്പിട മേഖലയക്ക് വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | 44054000 |
| വനിതാഘടക പദ്ധതി 10 % | 1920060 |
| കുട്ടികൾ,ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ 5% | 960030 |
| വൃദ്ധർ, പാലിയേറ്റീവ് പരിചരണം 5 % | 960030 |

| | |
|---|---|
| **അനിവാര്യ പദ്ധതികൾ** | |
| ലൈഫ് / മറ്റ് ഭവനപദ്ധതികൾ | |
| ആശ്രയപദ്ധതി<br>അനുപൂരക പോഷകാഹാരം | |
| എസ്.എസ്.എ. | |
| പെയിൻ ആന്റ് പാലിയേറ്റീവ് | |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | |
| പി.എം.എ.വൈ. | |
| ഐ.കെ.എം.വിഹിതം | |
| സ്നേഹസ്പർശം | |
| അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോ പ്ലാനുകൾ | |